ഉൗരുമിത്ര സഹായി

(പട്ടികവർഗ്ഗ വികസനം)

കൈപ്പുസ്തകം



ൽ അഡ്മിനിസ്ട്രേഷൻ

ഉൗരുമിത്ര സഹായി

കൈപ്പുസ്തകം (പട്ടികവർഗ്ഗ വികസനം)

@ Agasthy Kudam Forest, Kerala

48.7%

ഊരുമിത്ര സഹായി

(പട്ടികവർഗ്ഗ വികസനം)

കൈപ്പുസ്തകം

ഊരുമിത്ര സഹായി

(പട്ടികവർഗ്ഗ വികസനം)

കൈപുസ്തകം

Editorial Board	**എഡിറ്റോറിയൽ ബോർഡ്**
March 2016	മാർച്ച് 2016
Chief Editor	*ചീഫ് എഡിറ്റർ*
Dr.P.P.Balan	**ഡോ. പി.പി.ബാലൻ**
Director, KILA	ഡയറക്ടർ, കില
Editor	*എഡിറ്റർ*
Dr.Peter M.Raj	**ഡോ.പീറ്റർ എം.രാജ്**
Associate Professor, KILA	അസോസിയേറ്റ് പ്രൊഫസർ, കില
Associate Editor	*അസോസിയേറ്റ് എഡിറ്റർ*
Sri.M.K.Ravindranathan	**ശ്രീ. എം.കെ.രവീന്ദ്രനാഥൻ**
D.T.P	*ഡി.ടിപി*
Sreelatha.S.Menon, Vinitha Ravi, Jitto.P.George, Jayasree Asok	**ശ്രീലത.എസ്.മേനോൻ, വിനിത രവി, ജിറ്റോ.പി.ജോർജ്ജ്, ജയശ്രീ അശോക്**
Cover Designing	*കവർ ഡിസൈനിംഗ്*
Usman Kuttoth	**ഉസ്മാൻ കുട്ടോത്ത്**

Published by	*പ്രസാധനം*
Kerala Institute of Local Administration,	**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**,
Mulankunnathukavu, Thrissur -680581	മുളങ്കുന്നത്തുകാവ്, തൃശൂർ - 680581
Phone :0487-2201768,2200244 (Office)	ഫോൺ :04872201768,2200244 (ഓഫീസ്)
0487-2201312 (Director), 0487-2201062 (Fax)	04872201312 (ഡയറക്ടർ), 04872201062 (ഫാക്സ്)
e-mail: mail@kilaonline.org	ഇ-മെയിൽ: mail@kilaonline.org
Website: www.kilaonline.org	വെബ്സൈറ്റ്: www.kilaonline.org

അവതാരിക

കേരളത്തിൽ ജനസംഖ്യയുടെ 1.5വരുന്നു വനവാസികളായ 4,84,839 പട്ടികവർഗ്ഗക്കാർ ഉണ്ട് അവരുടെ സംസ്ക്കാരവും പരമ്പരാഗത കൃഷി രീതികളും തനതു കലകളും നിലനിറുത്തി കൊണ്ടു തന്നെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൊണ്ടു വരുന്നതിന് ഇപ്പോഴും നമുക്ക് കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസം, ആരോഗ്യം, വരുമാനം എന്നീ മേഖലകളിൽ അവർ ഇന്നും പിന്നിൽ തന്നെയാണ്. പ്രാദേശിക സർക്കാരുകളുടെ ആവിർഭാവവും ഇതിനു പരിഹാരമായിട്ടില്ല. അവരിൽ ഒരാളായി പ്രവർത്തിച്ചുകൊണ്ടു മാത്രമെ ഇവയ്ക്ക് പരിഹാരം കാണാൻ കഴിയു. ഇത്തരുണത്തിൽ വനം വകുപ്പിന്റെ ഫെസലിറ്റേറ്റർമാർ ആയ ഊരുമിത്രകൾക്ക് ഇക്കാര്യത്തിൽ കൂടുതൽ ഇടപെടാനുള്ള സാഹചര്യം ഉണ്ട്. ഇവർ പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിത്യ സന്ദർശകരും വഴികാട്ടിയും ആയി പ്രവർത്തിച്ചു വരുന്നതിനാൽ ഇവരുടെ അറിവും കഴിവും പട്ടികവർഗ്ഗ വികസനത്തിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. അതിനാൽ തന്നെ പട്ടികവർഗ്ഗ വികസനം സാധ്യമാക്കുന്നതിന് വിവിധ സർക്കാരുകളുടെ പദ്ധതികളെക്കുറിച്ചുള്ള ഇവരുടെ അവബോധം പ്രധാന പങ്ക് വഹിക്കുന്നു. ഇതിനുവേണ്ടി കേന്ദ്ര-സംസ്ഥാന പ്രാദേശിക സർക്കാരുകൾ വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള അറിവും ഇവർക്ക് പകർന്ന് നൽകുന്നതിന്, ഇവർക്ക് വേണ്ടിയുള്ള ഈ പരിശീലനവും ഈ കൈപുസ്തകവും വളരെയേറെ ഗുണം ചെയ്യുമെന്ന് ഉറപ്പാണ്. ഈ അറിവ് പട്ടികവർഗ്ഗക്കാർക്ക് അവരുടെ അവകാശങ്ങളും സേവനങ്ങളും യഥാവിധി യഥാസമയം ലഭ്യമാക്കുന്നതിന് ഊരുമിത്രകളിളൂടെ അവർക്ക് പകർന്ന് നൽകുന്നതിന് കഴിയുമെന്ന് ഉറപ്പാണ്. ഊരുമിത്രകൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള ഈ കൈപുസ്തകം കഴിയുന്നതും ലളിതവും ഹ്രസ്വവുമാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. അവശ്യം വേണ്ട വിവരങ്ങൾ ആയതിനാൽ തന്നെ ടാബുലാർ ഫോമിലാണ് നൽകിയിട്ടുള്ളത്. വിശദമായ ഉള്ളടക്കവും, പേജ്നമ്പറും അനുബന്ധങ്ങളും പെട്ടന്ന് ഒരു സ്കീം കണ്ടു പിടിക്കുന്നതിന് സഹായിക്കുന്നു. മൊത്തം സ്കീമുകൾ രണ്ട് ഭാഗങ്ങളിലായി നൽകിയിരിക്കുന്നു. ഭാഗം I ൽ പട്ടികവർഗ്ഗക്കാർക്കു മാത്രമായ തനത് സ്കീമുകളും ഭാഗം II ജനറൽ സ്കീമുകളും. ഓരോ ഭാഗത്തിലും എല്ലാ സ്കീമുകളും 4 ഹെഡിൽ ഒതുക്കിയിരിക്കുന്നു. (തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം, ക്ഷേമം). മൊത്തം 9 അധ്യായങ്ങളായി വേർത്തിരിച്ചിട്ടുള്ള ഈ കൈപുസ്തകത്തിൽ 450 ഓളം സ്കീമുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അനുബന്ധത്തിൽ മാതൃകാ അപേക്ഷാ ഫോറങ്ങളും. ആയതിനാൽ തന്നെ ഈ കൈപുസ്തകം ഊരുമിത്രകൾക്ക് മാത്രമല്ല, പ്രാദേശിക സർക്കാരുകൾക്കും വകുപ്പുകൾക്കും ജനങ്ങൾക്കും റഫറൻസ് ഗ്രന്ഥമായി ഉപകരിക്കുമെന്ന് വിശ്വസിക്കുന്നു.

ഈ ഉദ്യമത്തിന് തുടക്കമിട്ട വനംവകുപ്പിനും ഇതിനുവേണ്ട ശില്പശാലയിൽ പങ്കെടുത്ത വനംവകുപ്പ്, പട്ടികവർഗ്ഗ മേധാവികൾക്കും ഇതിന്റെ പുറകിൽ പ്രവർത്തിച്ച മറ്റ് വകുപ്പ് ഉദ്യോഗസ്ഥർക്കും കില ഫാക്കൽറ്റി, എക്സ്റ്റൻഷൻ ഫാക്കൽറ്റികൾക്കും നന്ദി രേഖപ്പെടുത്തുന്നു

ഡോ.പി.പി.ബാലൻ
ഡയറക്ടർ, കില

സന്ദേശം

പൊതുവെ നഗരങ്ങളിൽ നിന്നും അകന്ന് ദുർഘടങ്ങളായ സ്ഥലങ്ങളിൽ, കൂടുതലും വനത്തിനകത്തോ വനത്തിനോട് ചേർന്നോ ഉള്ളസ്ഥലങ്ങളിലാണ് കേരളത്തിലെ പട്ടികവർഗ്ഗക്കാരിൽ അധികവും കഴിയുന്നത്. അതുകൊണ്ട് തന്നെ പട്ടികവർഗ്ഗ ക്ഷേമത്തിനും വികസനത്തിനും വേണ്ടി നടപ്പിലാക്കുന്ന പലപദ്ധതികളും അവരിലേക്ക് എത്തിച്ചേരാതിരിക്കുകയോ, എത്തിച്ചേരാൻ കാലതാമസം എടുക്കുകയോ ചെയ്യുന്നു. അതേസമയം വനംവകുപ്പിന്റെ പ്രവർത്തനമേഖലയും പട്ടികവർഗ്ഗക്കാരുടെ ആവാസ മേഖലയും വേർതിരിക്കാനാകാത്ത വിധം ഇടകലർന്ന് കിടക്കുന്നു. അതുകൊണ്ട് തന്നെ ഇത്തരം പ്രവർത്തനങ്ങൾ പട്ടികവർഗ്ഗക്കാരിലേക്ക് ഫലപ്രദമായി എത്തിക്കാൻ വനംവകുപ്പിന് കഴിയും. ഈ പ്രത്യേക സാഹചര്യം തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലാണ് വനംവകുപ്പിലെ താൽപര്യമുള്ള ഫീൽഡ്തല ഉദ്യോഗസ്ഥരെ **'ഊരുമിത്ര'**കളായി നിയോഗിച്ചിട്ടുള്ളത്. ഇവരിൽ പലരും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും തന്നെ ഉള്ളവരാണ്.

സർക്കാരിന്റെ വിവിധ വകുപ്പുകളുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതികളുടെ ഒരു സംക്ഷിപ്തരൂപമായ ഈ കൈപ്പുസ്തകം തയ്യാറാക്കാൻ മുമ്പോട്ടു വന്ന **'കില'** പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. പട്ടികവർഗ്ഗക്കാരുടെ ദൈനംദിന ജീവിതവും സംസ്ക്കാരവും എല്ലാം വനവുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഇവരിൽ പലരും ജീവിതമാർഗത്തിനായി കാടിനെ ആശ്രയിക്കുന്നവരാണ്. ആരോഗ്യവും സമൃദ്ധിയുമുള്ള ഒരു പട്ടികവർഗ്ഗ സമൂഹം ആരോഗ്യമുള്ള വനം കാത്ത് സൂക്ഷിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. ഈ രണ്ട് മേഖലകളിലും ഒരു പോലെ പ്രവർത്തിക്കാൻ സന്നദ്ധരായിട്ടുള്ള **'ഊരുമിത്ര'**കൾക്ക് അവരുടെ ജോലി ഫലപ്രദമായി ചെയ്യാൻ ഈ കൈപ്പുസ്തകം ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു.

19/03/16

പി.കെ. കേശവൻ, ഐ. എഫ്. എസ്
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
(വി & എഫ്.ഐ)

തിരുവനന്തപുരം
19 മാർച്ച് 2016

സന്ദേശം

പട്ടികവർഗ്ഗ വികസനം ഓരോ തലത്തിലുള്ള സർക്കാരിന്റെയും ലക്ഷ്യമാണ്. ഭരണ ഘടനയും ഇത് ഉറപ്പ് നൽകുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് വനവാസികളുടെ ക്ഷേമം മാത്രം ലക്ഷ്യമാക്കിക്കൊണ്ടാണ് രൂപീകൃതമായിട്ടുള്ളത്. ആയതിനാൽ തന്നെ ഇവരെ മറ്റ് വിഭാഗങ്ങൾക്കൊപ്പം എല്ലാ കാര്യത്തിലും എത്തിക്കുന്നതിന് വകുപ്പ് പ്രതിജ്ഞാബദ്ധവുമാണ്. ഇവർക്കായി വർഷങ്ങളായി പല പദ്ധതികളും വിഭവനം ചെയ്യുകയും നടപ്പിലാക്കികൊണ്ടിരിക്കുന്നുവെങ്കിലും ലക്ഷ്യത്തിലെത്താൻ കഴിഞ്ഞിട്ടില്ല. ഇതിന് പലകാരണങ്ങൾ കണ്ടെത്താൻ കഴിയുമെങ്കിലും അവ ദൂരീകരിച്ചു ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലെക്ക് കൊണ്ടുവരുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് അശ്രാന്ത പരിശ്രമത്തിലാണ്. കേരളത്തിലെ ജനസംഖ്യയുടെ 1.45 ശതമാനം വരുന്ന വനത്തിനോട് ചേർന്ന് അധിവസിക്കുന്ന ഇവരുടെ ആവാസ വ്യവസ്ഥകൾ സംരക്ഷിച്ച് കൊണ്ടും ആചാരങ്ങളും അനുഷ്ഠാനങ്ങളും കൃഷി രീതികളും തൊഴിലും സംരക്ഷിച്ച് കൊണ്ടുതന്നെ ഇക്കാര്യം സാധ്യമാക്കുക ശ്രമകരം തന്നെ ആണ്. അതേ സമയം ഇവരുടെ ആരോഗ്യവും വിദ്യാഭ്യാസവും തൊഴിലും ഉറപ്പ് വരുത്തുകയും എല്ലാ വിധ അനാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും ഇവരെ മോചിപ്പിക്കുന്നതിന് ആവശ്യമായ അവബോധം ഉണ്ടാക്കലും പ്രധാനമാണ്. അതുകൊണ്ടു തന്നെ വീട് വീടാന്തരം ഇറങ്ങിച്ചെന്നുക്കൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. ആയതിനായി ആത്മാർത്ഥവും കൂട്ടായ പ്രവർത്തനവും ആളുകളും ആവശ്യമാണ്.

വനം സംരക്ഷിക്കുന്നതിൽ വനവാസികളായ ഇവർക്കുള്ള പങ്ക് വളരെ വലുതാണ്. പരിഷ്കൃത സമൂഹത്തിന്റെ വന നശീകരണം തടയുന്നതിൽ വനം വകുപ്പിനോടൊപ്പം ഇവരും പ്രധാന പങ്ക് വഹിക്കുന്നു. വനം വകുപ്പ് മുഖേന നിയമിച്ചുട്ടുള്ള ഫെസിലിറ്റേറ്റർമാരായ 'ഊരുമിത്ര'കൾക്ക് ഇവരിലേക്ക് ഇറങ്ങിച്ചെന്ന് അവർക്ക് വേണ്ട അവബോധവും ശരിയായ മാർഗ്ഗവും കാണിച്ച് കൊടുക്കുന്നതിൽ വളരെ അധികം പങ്ക് വഹിക്കുവാൻ കഴിയും. വിവിധ സർക്കാരുകളുടെ പ്രത്യേകിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ സ്കീമുകളും സേവനങ്ങളും ഇവരിൽ യഥാസമയം എത്തിച്ച് അവർക്ക് അവ ലഭ്യമാക്കുന്നതിന് ഇവരുടെ പരിശീലനം വഴി കഴിയുമെന്നതിന് യാതൊരു സംശയവും ഇല്ല. ഇതിന് തുടക്കം കുറിച്ച് വനം വകുപ്പിനെയും നേതൃത്വം നൽകുന്ന കിലയെയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സകലവിധ സഹായങ്ങളും ഇതിന് നൽകുന്നതാണ്. ഈ കൈപുസ്തകം തയ്യാറാക്കുന്നതിന് വേണ്ടി പ്രവർത്തിച്ച എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ.

ഡോ. പി. പുകഴേന്തി ഐ.എഫ്.എസ്
ഡയറക്ടർ
കേരള പട്ടികവർഗ്ഗ വികസന വകുപ്പ്

കൈപുസ്തകം തയ്യാറാക്കുന്നതിന് മുഖ്യ പങ്ക് വഹിച്ചവർ

1. ശ്രീ. രാജേഷ് രവീന്ദ്രൻ, ചീഫ് കൺസർവേറ്റർ , വനം വകുപ്പ്
   ccfor@kerala.gov.in , 9447979050

2. ചെറിയാൻ വി.സി, കൃഷി ഓഫീസർ (റിട്ടയേഡ്)
   vccheriyan@gmail.com, 9447876545

3. ഡോ. എൻ.ആർ. ഹർഷകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, (റിട്ട.)
   harshakumarnr@gmail.com, 9447084814

4. മനോജ് കെ.ജി, ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ
   manojkgtdo@gmail.com, 9496070338

5. ഡോ. എൻ. ഗോപീകൃഷ്ണൻ, റിട്ട. ഡി.എം.ഒ ഹോമിയോ
   drgopi2009@gmail.com, 9446377982

6. റെജി തോമസ് , കൺസൾട്ടന്റ് കുടുംബശ്രീ
   spemtsr1@gmail.com , 8281771434

7. ശ്യാംലാൽ വി.പി, കോർഡിനേറ്റർ, ജില്ലാസാക്ഷരതാ മിഷൻ, പാലക്കാട്
   syamlalvalsan@gmail.com, 9496877913

8. ഡോ. വീനസ്, ജില്ലാ പ്രോഗ്രാം മാനേജർ, നാഷണൽ ഹെൽത്ത് മിഷൻ
   dpmtsr@gmail.com , 9946105486

9. പ്രകാശ് എം, ഡെപ്യൂട്ടി ഡയറക്ടർ, ഡയറി ഡവലപ്പ്മെന്റ്,
   prakashm332@gmail.com, 9447887332

10. രേണുകുമാർ എം , അസി. പ്രൊഫസർ, ഇ.ടി.സി
    mrkkundukad@gmail.com, 9496346320

10. ഷാജി കെ.സി , അഡിഷണൽ ഡയറക്ടർ (റിട്ട.), ഫിഷറീസ്
    tuni.kv@sbi.co.in, 9446429711

11. സണ്ണി എ.ഒ, അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വെസ്റ്റഡ് ഫോറസ്റ്റ്)
    aosunny63@gmail.com, 8547602119

12. മീര പി , പ്രോഗ്രാം ഓഫീസർ, സാമൂഹ്യനീതി വകുപ്പ്
    dmeerazubair@gmail.com, 9447541512

13. മോഹൻ കുമാർ വി.കെ , എക്സറ്റൻഷൻ ഫാക്കൽറ്റി
    9495890015

14. അജിത് കുമാർ സി.ടി , പ്രോഗ്രാം ഓഫീസർ, അനർട്ട്
ajith@anert.in, 9447527301

15. ഡോ. ഷീല കാറളം, ഡി.എം.ഒ ആയുർവേദം
sheelakaralam@gmail.com, 9447512951

16. വിജയകൃഷ്ണൻ കെ.ജി ഡിവിഷണൽ അക്കൗണ്ടന്റ് (റിട്ട.)
vijayakrishnan.k.g@gmail.com, 9847639938

17. ജോൺ പി ജൂനിയർ സൂപ്രണ്ട്,
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ
9446624591

18. രാമചന്ദ്രൻ എൻ., റിട്ട. പഞ്ചായത്ത് സെക്രട്ടറി
ramuk1956@gmail.com, 9847639938

19. അനൂപ് സി.സി, ഡെപ്യൂട്ടി തഹസിൽദാർ
9446488781

20. രവീന്ദ്രനാഥൻ എം.കെ, റിട്ട. പഞ്ചായത്ത് സെക്രട്ടറി
കൺസൾട്ടന്റ്, കില
ravindranathanmk@gmail.com, 9746342952

ജനറൽ കോർഡിനേറ്റർ
രവീന്ദ്രനാഥൻ എം.കെ
(Mob): 9746342952

ഉള്ളടക്കം

ഭാഗം– 1 പട്ടികവർഗ്ഗ പദ്ധതികൾ

I. അധ്യായം 1 – ആമുഖം 32-36

II. അധ്യായം 2 – തൊഴിൽ/സ്വയം തൊഴിൽ 41-60

2.1 പ്രാദേശിക സർക്കാരുകൾ

2.1.1	സ്വയം തൊഴിലിന് ആസ്തികൾ (വ്യക്തിഗതം) ഗ്രാമ പ്രദേശങ്ങളിൽ	41
2.1.2	പരമ്പരാഗത കൈത്തൊഴിലാളികളുടെ പ്രോത്സാഹനം	41
2.1.3	സ്വയം തൊഴിലിന് ആസ്തികൾ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ്) ഗ്രൂപ്പിലെ ഒരംഗത്തിന് പരമാവധി 20,000 രൂപ എന്ന തോതിൽ നഗര പ്രദേശങ്ങളിൽ മാത്രം	42
2.1.4	ഓട്ടോറിക്ഷ/ പിക്ക് അപ്പ് ഓട്ടോറിക്ഷ	42
2.1.5	ഇരുചക്ര വാഹനം (മോട്ടോർ സൈക്കിൾ/ സ്കൂട്ടർ)	43
2.1.6	സ്വയം തൊഴിലിന് ടാക്സി കാർ, പിക്ക് അപ്പ് വാൻ	43
2.1.7	ഗാർഹിക ബയോഗ്യാസ് പ്ലാന്റ്	44
2.1.8	ശാരീരിക വൈകല്യം ഉള്ളവർക്ക് പെട്ടിക്കട	44
2.1.9	പച്ചക്കറി കൃഷിക്ക് കൂലി ചിലവ് സബ്സിഡി	45
2.1.10	നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി	45
2.1.11	കുറ്റിപമ്പ്, പവ്വർ സ്പ്രെയർ, കളനീ ക്കൽ ഉപകരണം, കാട് വെട്ട് യന്ത്രം, മെതി യന്ത്രം, ട്രാ ക്ടർ, ടില്ലർ, നടിൽ യന്ത്രം, വിന്നോവ ർ, റോക്കർ സ്പ്രെ യർ, തെങ്ങ് കയറ്റയന്ത്രം, റോട്ടോവേറ്റർ	46
2.1.12	പുതിയ ജലസേചനം	46
2.1.13	കറവയുള്ള പശു , എരുമ	46
2.1.14	പെണ്ണാട്	47
2.1.15	ഗർഭിണികിടാരി	47
2.1.16	കിടാരി, കാളകുട്ടി, പോത്തുകുട്ടി, ആട്ടിൻകുട്ടി	47
2.1.17	കന്നുകുട്ടി പരിപാലനം	48
2.1.18	കോഴി , കാട്, താറാവ് മുതലായ വളർത്തുന്ന പക്ഷികൾ	48
2.1.19	ധാതുലവണങ്ങൾ വിരമരുന്ന്	48
2.1.20	തീറ്റപുൽകൃഷിക്കുള്ള വിത്ത്	49
2.1.21	മുയൽ വളർത്തൽ	49

2.1.22	പുതിയ തുറന്ന കിണർ	49
2.1.23	കുടിവെള്ളം, ഗാർഹിക കണക്ഷൻ നൽകൽ	50
2.1.24	തുറസ്സായ കുടിവെള്ളകിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ	51
2.1.25	മഴവെള്ള സംഭരണി	51
2.1.26	പി.വി.സി വാട്ടർ ടാങ്ക്	52
2.1.27	എം.എൻ ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെട്ട ഇരട്ട വീടുകൾ ഒറ്റ വീടാക്കൽ/ ഐ.എ. വൈ പദ്ധതി പ്രകാരമു ള്ള വീടുകൾ/ പ്രധാനമ ന്ത്രി ആവാസ് യോ ജന പ്രകാരമുള്ള വീടുകൾ	52
2.1.28	മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ	53
2.1.29	വീട് പുനരുദ്ധാരണം (ലക്ഷം വീട് ഉൾപ്പെടെ)	53
2.1.30	വീട് വയറിംഗ്	53
2.1.31	പണി പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള ധനസഹായം	54
2.1.32	വിദേശത്ത് തൊഴിൽ ലഭിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് ധനസഹായം	54
2.2	**പട്ടികവർഗ്ഗ വകുപ്പ്**	
2.2.1*	ഭവന നിർമ്മാണം	54
2.2.2 *	ഭവന പുനരുദ്ധാരണം	55
2.2.3	ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം	55
2.2.4	സ്വയം തൊഴിൽ, നൈപുണ്യ വികസന പരിശീലനം	55
2.3	**മൃഗസംരക്ഷണം**	
2.3.1	കറവപശു യൂണിറ്റ് (വയനാട, പാലക്കാട്, ഇടുക്കി ജില്ലകളിൽ)	55
2.3.2	ഗർഭിണി പശുകിടാരികളുടെ പരിപാലനം (വയനാട്, പാലക്കാട്, ഇടുക്കി ജില്ലക ളിൽ)	56
2.3.3	ആടുവളർത്തൽ പദ്ധതി (വയനാട്, പാലക്കാട് ജില്ലകൾ മാത്രം)	56
2.3.4	റൂറൽ ബാക്ക്യാർഡ് - കോഴി വളർത്തൽ പദ്ധതി (വയനാട്, ഇടുക്കി, പാലക്കാട് ജില്ലകൾ മാത്രം)	57
2.3.5	ഉഴവുമൂരികളുടെ വിതരണം (വയനാട്, പാലക്കാട് ജില്ലകൾ മാത്രം)	57
2.3.6	കമ്മ്യൂണിറ്റി ഗോട്ട് ഷെഡ് (വയനാട്, പാലക്കാട് ജില്ലകൾ മാത്രം)	57
2.4.	**കുടുംബശ്രീ**	
2.4.1	ആടുഗ്രാമം	58
2.4.2	ക്ഷീരസാഗരം	58
2.4.3	മുട്ടക്കോഴി അടുക്കളത്തോട്ടം പരിപാലനം	58
2.4.4	താറാവ് വളർത്തൽ	59

2.4.5 മൃഗസംരക്ഷണം 59

2.5. റബർ ബോർഡ്

2.5.1 ഗോത്ര വികസനം 59

2.6 വിദ്യാഭ്യാസം

2.6.1 കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സ്കീം പോളിടെക്നിക്ക് സ്കീം 60

III. അധ്യായം 3 – ആരോഗ്യം 61-65

3.1 ആയുർവേദം

3.1.1 ട്രൈബൽ സെറ്റിൽമെൻറിലെ (ആരോഗ്യമിത്രം) ആരോഗ്യസംരക്ഷണം 62

3.2 അലോപ്പതി

3.2.1 സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ 62

3.2.2 ട്രൈബൽ ഹെൽത്ത് പരിപാടി 62

3.3 ഹോമിയോ

3.3.1 STB സ്പെഷ്യൽ ട്രൈബൽ പ്ലാൻ 62

3.3.2 എസ്.റ്റി മൊബൈൽ യൂണിറ്റ്- ഇടുക്കി, കാന്തല്ലൂർ, മൊറയൂർ 63

3.3.3 ഹോമിയോ ആശുപത്രികൾ 63

3.4 പട്ടികവർഗ്ഗ വകുപ്പ്

3.4.1 മാനന്തവാടി, അട്ടപ്പാടി, ഇടുക്കി, ചാലക്കുടി, ആരോഗ്യ പദ്ധതികൾ 63

3.4.2 വിവിധ രോഗങ്ങൾ ബാധിക്കുന്നവരുടെ ചികിത്സയും പുനരധിവാസവും 63

3.4.3 സമഗ്ര ആരോഗ്യസുരക്ഷ പദ്ധതി 63

3.4.4 ജനനി ജന്മരക്ഷ 64

3.4.5 ഭക്ഷ്യസഹായ പദ്ധതി 64

3.5 ഗ്രാമപഞ്ചായത്ത്

3.5.1 ആരോഗ്യസുരക്ഷ 64

3.5.2 ആരോഗ്യസുരക്ഷ 64

3.5.3 അന്നപൂർണ്ണ പദ്ധതി 65

3.5.4 അന്ത്യോദയ-അന്നയോജന 65

3.5.5 ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യൽ 65

3.6 കുടുംബശ്രീ മിഷൻ

3.6.1 പൂരകപോഷണ വിതരണം 66

3.6.2 ക്യാൻസർ ബോധവത്ക്കരണ ക്ലാസ്സുകൾ/മെഡിക്കൽ ക്യാമ്പുകൾ 66

3.7 സാമൂഹ്യനീതി വകുപ്പ്

3.7.1 അന്നദായിനി 66

IV. അധ്യായം 4 –വിദ്യാഭ്യാസം– 67-77

4.1 പട്ടികവർഗ്ഗ വികസന വകുപ്പ്

4.1.1 പ്രീമട്രിക്ക് സ്കോളർഷിപ്പ് 68

4.1.2 പോസ്റ്റ്മട്രിക്ക് സ്കോളർഷിപ്പ് 68

4.1.3 പ്രീമട്രിക് ഹോസ്റ്റൽസ് (സ്ഥാനത്തൊട്ടാകെ 108 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു) 69

4.1.4 പോസ്റ്റ് മട്രിക് ഹോസ്റ്റലുകൾ (തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ) 69

4.1.5 മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ 69

4.1.6 ഗോത്രസാരഥി 70

4.1.7 അയ്യങ്കാളി മെമ്മോറിയൽ സ്കോളർഷിപ്പ് 70

4.1.8 ട്യൂട്ടോറിയൽ ഗ്രാന്റ് 70

4.1.9 സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം 70

4.1.10 സ്ക്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര 70

4.1.11 മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ് 71

4.1.12 മാനേജ്മെന്റ് ട്രെയിനി 71

4.1.13 സ്വയം തൊഴിൽ, നൈപുണ്യ വികസന പരിശീലനം 71

4.1.14 ലാപ്പ്ടോപ്പ് വിതരണം 71

4.1.15 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൽക്കുള്ള പ്രീമട്രിക്ക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി) 72

4.1.16 വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ 72

4.1.17 പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർക്ക് ഇനീഷ്യൽ അസിസ്റ്റൻസ് 72

4.2 കോളേജ് വിദ്യാഭ്യാസം

4.2.1 ഐ.എ.എസ് കോച്ചിംഗ് സ്കോളർഷിപ്പ് 73

4.3 സാങ്കേതിക വിദ്യാഭ്യാസം

4.3.1 വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി 73

4.3.2 പോളിടെക്നിക്കിൽ കൂടി സാമൂഹ്യ വികസനം 73

4.4 പൊതു വിദ്യാഭ്യാസ വകുപ്പ്

4.4.1 ഗ്രാമപ്രദേശങ്ങളിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 74

4.4.2 ഏകാദ്ധ്യാപക വിദ്യാലയം 74

4.5 പ്രാദേശിക സർക്കാരുകൾ വഴി

4.5.1 വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ പഠനത്തിന് ധനസഹായം 74

4.5.2 എൻട്രൻസ് കോച്ചിംഗിന് ധനസഹായം 75

4.5.3 പട്ടിക വർഗ്ഗക്കാരായ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശിയ സർവ്വകലാശാലകളിൽ പഠിക്കുന്നതിനുള്ള ധനസഹായം 75

4.5.4 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) നൽകൽ 76

4.5.5 പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ 76

4.5.6 എഞ്ചിനീയറിംഗ് മെഡിക്കൽ കമ്പ്യൂട്ടർ സയൻസ് വിഷയങ്ങൾക്ക്, ബിരുദ-ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് കമ്പ്യൂട്ടർ 77

4.6 സാക്ഷരതാ മിഷൻ

4.6.1 ആദിവാസി സാക്ഷരതാ തുല്യതാ പദ്ധതികൾ 77

4.7 കുടുംബശ്രീമിഷൻ

4.7.1 മത്സര പരീക്ഷകൾ നേരിടുന്നതിനുള്ള കോച്ചിംങ് 77

V. ക്ഷേമപദ്ധതികൾ- പട്ടിക വകുപ്പ് - 78-87

5.1 പട്ടികവർഗ്ഗ വികസന വകുപ്പ്

5.1.1 അരിവാൾ രോഗത്തിനുള്ള ധനസഹായം 79

5.1.2 പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി 79

5.1.3 അടിയ, പണിയ പ്രാക്തന ഗോത്ര വർഗ്ഗ പാക്കേജ് 79

5.1.4 കൈതാങ്ങ് 79

5.1.5	ഹാംലറ്റ് വികസനം	80
5.1.6	പൂൾഡ് ഫണ്ട്	80
5.1.7	വിവാഹ ധനസഹായം	80
5.1.8	മിശ്രവിവാഹ ധനസഹായം	80
5.1.9	ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് പദ്ധതി	81
5.1.10	പ്രത്യേക കേന്ദ്ര സഹായ പദ്ധതി	81
	ഭവന നിർമ്മാണം	
	ഭവന പുനരുദ്ധാരണം	
5.1.11	ആർട്ടിക്കിൾ 275 (1) ഗ്രാന്റ്	82
5.1.12	വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനം	82
	ഭൂരഹിതായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (TRDM)	
5.1.13	ആശിക്കും ഭൂമി ആദിവാസികൾക്ക് (ഭൂരഹിതർക്ക് ഭൂമി നൽകൽ)	83
5.1.14	പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട്	
5.2	**പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ-മറ്റ് വകുപ്പുകൾ**	
5.2.1	പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു നേരെയുള്ള അതിക്രമങ്ങളുമായി പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികൾ- **പോലീസ് വകുപ്പ്**	83
5.2.2	അന്നദായിനി- സാമൂഹ്യനീതി	83
5.2.3	ഭവന സമുച്ചയം (ഫ്ളാറ്റുകൾ)- പ്രാദേശിക സർക്കാർ	83
5.2.4	വീടിന് സ്ഥലം (ഗുണഭോക്താക്കൾക്ക് സ്ഥലം കണ്ടെത്തി സ്വയം വാങ്ങൽ) ഗ്രാമ പ്രദേശം- പ്രാദേശിക സർക്കാർ	84
5.2.5	ബോധവത്ക്കരണ ക്ലാസ്സുകൾ-കുടുംബശ്രീ മിഷൻ	84
5.2.6	പരിശീലനങ്ങൾ-കുടുംബശ്രീ മിഷൻ	84
5.2.7	അട്ടപ്പാടി പ്രത്യേക പദ്ധതി- കുടുംബശ്രീ മിഷൻ	84
5.2.8	ഊര് അദാലത്ത് /"ഊരിൽ ഒരു ദിനം" - കുടുംബശ്രീ മിഷൻ	84
5.2.9	കലാ ടീം രൂപീകരണം- കുടുംബശ്രീ മിഷൻ	85
5.2.10	ഊര് ഉത്സവം- കുടുംബശ്രീ മിഷൻ	85
	കൗമാരക്ലബുകളുടെ രൂപീകരണം-കുടുംബശ്രീ മിഷൻ	85
5.2.11	ആനിമേറ്റേഴ്സിന്റെ സേവനം-കുടുംബശ്രീ മിഷൻ	85

VI. അധ്യായം 6– തൊഴിൽ/സ്വയംതൊഴിൽ 88-124

6.1 മൃഗസംരക്ഷണ വകുപ്പ്

6.1.1 ഗോട്ട് സാറ്റലൈറ്റ് യൂണിറ്റുകൾ 89

6.1.2 വീട്ട്മുറ്റത്തെ കോഴി വളർത്തൽ 89

6.1.3 ദേശീയ തീറ്റ പുൽ കൃഷി വികസന പരിപാടി 89

6.2 നാഷ്ണൽ എംപ്ലോയ്മെന്റ് സ്കീം

6.2.1 കെസ് റൂ 99 89

6.2.2 ശരണ്യ (സ്വയം തൊഴിൽ പദ്ധതി) 90

6.2.3 മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ് 91

6.3 കുടുംബശ്രി മിഷൻ

6.3.1 ഡി.ഡി.യു.ജി.കെ. വൈ (ദീനദയാൽ ഉപാധ്യയ ഗ്രാമീ ൺ കല്ല്യാൺ യോജന) 92

6.3.2 വൈദഗ്ദ്ധ്യ പരിശീലനം 92

6.3.4 യുവശ്രീ 92

6.3.5 ആർ.എം.ഇ (റൂറൽ മൈക്രോ എന്റർപ്രൈസ്) 93

6.3.6 അംഗനശ്രി ഓട്ടോ വിതരണം 93

6.3.7 എം.കെ.എസ്.പി 94

6.4 മത്സ്യബന്ധന വകുപ്പ്

6.4.1 തീരമൈത്രി 95

6.4.2 തൊഴിൽ വൈവിദ്ധ്യവൽക്കരണ സംരംഭങ്ങൾ 96

6.5 കേരള സംസ്ഥാന വനിതാ വികസന കേർപ്പറേഷൻ

6.5.1 വായ്പ പദ്ധതി 96

6.5.2 വായ്പ പദ്ധതി 97

6.6 സാമൂഹ്യ നീതി വകുപ്പ്

6.6.1 വികലാംഗർക്കു ള്ള തൊഴിൽ പരിശീലനകേന്ദ്രങ്ങൾ 97

6.7 വ്യവസായ വകുപ്പ്

6.7.1 കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷ്യൻ 98

6.7.2	സ്ത്രീകൾക്ക് വേണ്ടിയുള്ള വ്യവസായിക പദ്ധതി	99

6.8 കൃഷി വകുപ്പ്

6.8.1	പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ. പൈനാപ്പിൾ/വാഴ പോലുള്ള വിളകൾ	100
6.8.2	പ്ലാന്റേഷൻ വിളകൾ, കശുമാവ്, കൊക്കൊ തുടങ്ങിയവ	100
6.8.3	പൊതുകുളങ്ങൾ, ജലസംഭരണികൾ എന്നിവയുടെ നിർമ്മാണം	1000
6.8.4	ഔഷധ സസ്യ കൃഷി വികസനം	100
6.8.5	മഴവെള്ളം സംരംഭിക്കുന്നതിന് വ്യക്തിഗത ഗുണഭോക്താക്കൾ ധനസഹായം നൽ കുന്നു	101
6.8.6	ജൈവകൃഷി	101
6.8.7	മണ്ണിര കമ്പോസ്റ്റ്	102
6.8.8	കർഷകർക്കുള്ള പരിശീലനം	102
6.8.9	ദേശീയ ബയോഗ്യാസ് വികസന പദ്ധതി	102
6.8.10	സുഗന്ധവിള വിസ്തൃതി വ്യാപനം (ഇഞ്ചി, മഞ്ഞൾ)	103
6.8.11	കുരുമുളക് വിള വിസ്തൃതി വ്യാപനവും പുനരുദ്ധാരണവും	103
6.8.12	നെൽകൃഷി വികസനം - (1) RKVY (2) സുസ്ഥിര നെൽകൃഷി വികസനം (3) നെൽകൃഷി ഉത്പാദന പ്രോത്സാഹനം	103
6.8.13	കരനെൽകൃഷി പ്രോത്സാഹനം	104
6.8.14	ഏലത്തോട്ടങ്ങൾ പുനർ നടീലും പുനർ ജീവിപ്പിക്കലും	104
6.8.15	കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവ ഉണക്കുന്നതിനുള്ള കളം	104
6.8.16	കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവ ഉണക്കുന്നതിനുള്ള പോളിത്തീൻ ഷീറ്റ് 4 ഹെക്ടർ വരെ	105
6.8.17	കുരുമുളക് ഉണക്കുന്നതിനു മുള കൊണ്ടുള്ള പായ	105
6.8.18	മഞ്ഞൾ തിളപ്പിക്കുന്നതിനുള്ള പാത്രം	105

6.9 നബാർഡ്

6.9.1	ആട് വളർത്തൽ	105

6.9.2	ആട് പ്രജനന യൂണിറ്റുകൾ	106
6.9.3	പശു വളർത്തൽ	107
6.9.4	കീടാരി വളർത്തൽ	108
6.9.5	വാണിജ്യാടിസ്ഥാനത്തിലുള്ള യൂണിറ്റുകൾ പോത്തുകുട്ടികളെ വാങ്ങുന്നതിന് 10 മുതൽ 50 മൃഗങ്ങൾ	109
6.9.6	വ്യക്തിഗത യൂ ണിറ്റുകൾ. നിലവിൽ പോത്തുകുട്ടികളെ വളർ ത്തുന്ന കർഷ കർ, ഒന്ന് മുതൽ ഒമ്പത് വരെ	109
6.9.7	വ്യവസായികാടിസ്ഥാനത്തിലുള്ള യൂണിറ്റുകൾ 51 മുതൽ 1000 പോത്തുകുട്ടി കളെ വാങ്ങുന്നതിന്	110
6.10	**വിദ്യാഭ്യാസം**	
6.10.1	കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സ്കീം പോളിടെക്നിക്ക് സ്കീം	111
6.11	**പ്രാദേശിക സർക്കാരുകൾ**	
6.11.1	പച്ചക്കറി കൃഷിക്ക് കൂലി ചിലവ് സബ്സിഡി	111
6.11.2	നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി	112
6.11.3	കുറ്റിപമ്പ്, പവ്വർ സ്പ്രെയർ, കളനീ ക്കൽ ഉപകരണം, കാട് വെട്ട് യന്ത്രം, മെതിയന്ത്രം, ട്രാ ക്ടർ, ടില്ലർ, നടിൽ യന്ത്രം, വിന്നോവർ, റോക്കർ സ്പ്രെയർ, തെങ്ങ് കയറ്റയന്ത്രം, റോട്ടോവേറ്റർ	112
6.11.4	പുതിയ ജലസേചനകിണർ	113
6.11.5	കറവ യന്ത്രം	113
6.11.6	കന്നുകുട്ടി പരിപാലനം	113
6.11.7	കോഴി , കാട, താറാവ് മുതലായ വളർത്തുന്ന പക്ഷികൾ	113
6.11.8	ധാതുലവണങ്ങൾ വിരമരുന്ന്	114
6.11.9	തീറ്റപുൽകൃഷിക്കുള്ള വിത്ത്	114
6.11.10	മുയൽ വളർത്തൽ	114
6.11.11	തുറസ്സായ കുടിവെള്ളകിണറുകൾ ശുചിത്വകിണറുകളാക്കി മാറ്റൽ	115
6.11.12	മഴവെള്ള സംഭരണി	115
6.11.13	എം.എൻ ലക്ഷം വീട് പദ്ധതിയിൽ ഉൾ പ്പെട്ട ഇരട്ട വീടുകൾ ഒറ്റ വീടാക്കൽ/ ഐ.എ. വൈ പദ്ധതി പ്രകാരമു ള്ള വീടുകൾ/ പ്രധാനമ ന്ത്രി ആവാസ് യോ ജന പ്രകാരമുള്ള വീടുകൾ	115
6.12	**ക്ഷീര വികസന വകുപ്പ്**	
6.12.1	വിജ്ഞാപന വ്യാപനം- ക്ഷീര കർഷകസമ്പർക്ക പരിപാടി	116
6.12.2	തീറ്റപുൽ കൃഷി വിക സനം- തീറ്റപുൽ കട വിതരണം	116

6.12.3	തീറ്റപുൽകൃഷി വികസനം - തീറ്റപുൽകൃഷി ധനഹായം	117
6.12.4	തീറ്റപുൽകൃഷി വികസനം - അസോള കൃഷി	118
6.12.5	തീറ്റപുൽകൃഷി വികസനം -വൃക്ഷ വിളകളുടെ വിതരണം	118
6.12.6	തീറ്റപുൽകൃഷി വികസനം-ജല സേചനം	118
6.12.7	തീറ്റപുൽകൃഷി -ഹ്രസ്വകാല തീറ്റപുൽ കൃഷി	118
6.12.8	തീറ്റപുൽ കൃഷി വികസനം വനിത ഗ്രൂപ്പുകൾ (ഗോപാലിക ഗ്രൂപ്പ്) മുഖേന തീറ്റപ്പുൽ കൃഷിയും വിപണനവും	119
6.12.9	മിൽക്ക് ഷെഡ് വികസന പദ്ധതി ഗോദാനം (ഒരു പശു യൂണിറ്റ്)	119
6.12.10	മിൽക്ക് ഷെഡ് വികസന പദ്ധതി 2 പശു യൂണിറ്റ്	120
6.12.11	മിൽക്ക് ഷെഡ് വികസന പദ്ധതി- 5 പശു യൂണിറ്റ്	120
6.12.12	മിൽക്ക് ഷെഡ് വികസന പദ്ധതി- 10 പശു യൂണിറ്റ്	121
6.12.13	മിൽക്ക്ഷെഡ് വികസന പദ്ധതി-5 കിടാരി യൂണിറ്റ്	121
6.12.14	മിൽക്ക് ഷെഡ് വികസന പദ്ധതി- 10 കിടാരി യൂണിറ്റ്	122
6.12.15	മിൽ ക്ക് ഷെഡ് വികസന പദ്ധതി- ആവശ്യധിഷ്ഠിത ധന സഹായം	122
6.12.16	മിൽ ക്ക് ഷെഡ് വികസന പദ്ധതി- കാലിത്തൊഴുത്ത് നിർമ്മാണം	123
6.13	**ഗ്രാമവികസന വകുപ്പ്**	
6.13.1	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	123
6.14	**റബ്ബർ ബോർഡ്**	
6.14.1	റബ്ബർ ടാപ്പിംഗിൽ പരിശീലനം	123

VII. അധ്യായം 7 - ആരോഗ്യം 125-165

7.1	**ഹോമിയോ**	
7.1.1	1) സീതാലയം (Woman Health Care Centre)	126
7.1.2	സദ്ഗമയാ- അഡോളസെന്റ് ഹെൽത്ത്കെയർ & ബിഹേവിയറൽ മാനേജ്മെന്റ് ക്ലിനിക്ക്	127
7.1.3	ഹോമിയോ മൊബൈൽ യൂണിറ്റ്	128
7.1.4	റീച്ച് (Rapid Action Epidemic Control cell of Homeopathic Department)	128
7.1.5	ഹോമിയോപ്പതിക്ക് സ്പെഷ്യാലിറ്റി സെന്റർ	128
7.1.6	ആയുഷ (ഹോളിസ്റ്റിക് സെന്റർ ഫോർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ലൈഫ് സ്റ്റൈൽ ഡിസീസസ്)	128
7.1.7	സാന്ത്വന പരിചരണ കേന്ദ്രം	128

7.1.8	തൈറോയ്ഡ് ക്ലിനിക്കുകൾ	129
7.1.9	വന്ധ്യതാ ഹോമിയോ ക്ലിനിക്ക്	129
7.1.10	ഡി അഡിക്ഷൻ ഹോമിയോ ക്ലിനിക്ക്	129
7.1.11	സാന്ത്വന ചികിത്സ	129
7.1.12	സാംക്രമിക രോഗ പ്രതിരോധ ക്ലിനിക്ക്	129
7.1.13	മദർ ആന്റ് ചൈൽഡ് കെയർ സെന്റർ	129
7.1.14	ജെറിയാട്രിക് സെന്റർ	130
7.2	**അലോപ്പതി**	
7.2.1	പകർച്ച വ്യാധികളുടെ നിയന്ത്രണവും പ്രതിരോധവും കൊതുക് ജന്യ രോഗ നിയന്ത്രണം - ജലജന്യരോഗ നിയന്ത്രണം	131
7.2.2	സാംക്രമികേതര രോഗങ്ങൾക്ക് പ്രതിരോധ നടപടി (ജീവിത ശൈലി രോഗപ്രതിരോധ പരിപാടി)	131
7.2.3	സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു പുവർ. (പാവപ്പെട്ട രോഗികൾക്കുള്ള ചികിസ്താ ധനസഹായം)	132
7.2.4	ജില്ലാ മാനസിക ആരോഗ്യ പരിപാടിയും കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാം	133
7.2.5	ദന്തരോഗ ചികിത്സ	134
7.2.6	കാൻസർ കെയർപ്രോഗ്രാം	134
7.2.7	'ഭൂമിക' – (വൺ-സ്റ്റോപ്പ് ക്രൈസിസ് സെൽ) അക്രമങ്ങൾക്കും സാമൂഹിക തിന്മകൾക്കും ഇരയാകുന്നവർക്കുള്ള സംരക്ഷണം	135
7.2.8	ഡി അഡിക്ഷൻ സെന്ററുകൾ	135
7.2.9	പുകയില ഉപയോഗ പ്രതിരോധവും നിയന്ത്രണവും	135
7.2.10	സാന്ത്വന പരിചരണ പദ്ധതി	135
7.2.11	അമ്മയും കുഞ്ഞും പദ്ധതി, ജനനി ശിശു സുരക്ഷാ പദ്ധതി	136
7.2.12.	ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC)(ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ)	137
7.2.13	വിദ്യാലയ ആരോഗ്യപരിപാടി	137
7.2.14	പ്രതിവാര അയേൺ, ഫോളിക് ആസിഡ് പരിപോഷണ പരിപാടി	137
7.2.15	രാഷ്ട്രീയ ബാല സ്വാസ്ഥ്യകാര്യക്രം (RBSK)	138

7.2.16	ആശാ (ASHA) അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തക	138
7.2.17	കോസ്റ്റൽ മൊബൈൽ മെഡിക്കൽ യൂണിറ്റ്	138
7.2.18	വാർഡ് തല ആരോഗ്യപോഷണ-ശുചിത്വ സമിതി	139
7.2.19	കൗമാര ആരോഗ്യ പരിപാടി ക്ലീനിക്ക്	139
7.2.20	ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്/സിക്ക് ന്യൂബോൺ കെയർ യൂണിറ്റ്	139
7.2.21	ഫാമിലി പ്ലാനിംഗ് ഇൻഡമിനിറ്റി സ്കീം	140
7.2.22	ദേശീയ വയോജന ആരോഗ്യ പരിപാലന പരിപാടി	140
7.2.23	ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി	140
7.2.24	ദേശീയ കുഷ്ഠരോഗ നിയന്ത്രണ പരിപാടി	140
7.2.25	ദേശീയ അന്ധതാ നിവാരണ പരിപാടി	141
7.2.26	ദേശീയ ബധിരത നിവാരണ പരിപാടി	141
7.3	**ആയർവേദം**	
7.3.1	ജീവനി	141
7.3.2	പുനർനവ	141
7.3.3	ദൃഷ്ടി	142
7.3.4	വയോ അമൃതം	142
7.3.5	ഋതു	142
7.3.6	സ്നേഹധാര	143
7.3.7	കരൾ രോഗ മുക്തി	143
7.3.8	ക്ഷേമജനനി	143
7.3.9	സ്പോർട്ട്സ് ആയുർവ്വേദം	144
7.3.10	കൗമാര സ്ഥൗല്യം	144
7.3.11	പ്രസാദം	145
7.3.12	ബാലമുകുളം	145
7.4	**ദേശീയ ആയുഷ് ദൗത്യം**	
7.4.1	ആയുഷ് വെൽനെസ്സ് സെന്റർ	145
7.4.2	ആയുഷ് ഗ്രാമം	146

7.5	**ഭാഗ്യക്കുറി**	
7.5.1	കാരുണ്യ ബെനവലന്റ് ഫണ്ട്	146
7.6	**സാമൂഹ്യനീതി വകുപ്പ്**	
7.6.1	വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായധനം	147
7.6.2	സൈക്കോ സോഷ്യൽസർവ്വീസ് പദ്ധതി	147
7.6.3	വയോമിത്രം	147
7.6.4	എച്ച്.ഐ.വി ബാധിതരായ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പോഷക ആഹാര പദ്ധതി	148
7.6.5	ശിശു വികസനം- സംയോജിത ശിശു വികസന സേവന പദ്ധതി (ICDS)	149
7.6.6	ആശ്വാസ കിരണം പദ്ധതി	150
7.6.7	കാൻസർ സുരക്ഷാ പദ്ധതി	151
7.6.8	താലോലം	152
7.6.9	ശ്രുതിതരംഗം (കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി)	153
7.6.10	ഹംഗർ ഫ്രീ സിറ്റി - (വിശപ്പ് രഹിത നഗരം) പദ്ധതി	154
7.7	**റവന്യൂ**	
7.7.1	കുഷ്ഠ രോഗികൾക്കുള്ള ധനസഹായം	155
7.7.2	കാൻസർ രോഗികൾക്കുള്ള ധനസഹായം	156
7.7.3	ക്ഷയരോഗികൾക്കുള്ള ധനസഹായം	157
7.8	**ഫിഷറീസ്**	
7.8.1	മാരക രോഗചികിത്സാ പദ്ധതി	158
7.9	**സിവിൽ സപ്ലൈസ്**	
7.9.1	ഭക്ഷ്യസുരക്ഷ - എ പി എൽ കാർഡ് ഉടമകൾക്ക് 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകൽ നൽകൽ	159
7.9.2	പഞ്ചസാര വിതരണ പദ്ധതി	159
7.9.3	കേന്ദ്രസർക്കാർ പരിധിയിൽ വരാത്ത ദരിദ്രരായ വ്യക്തികൾക്ക് അരി, ഗോതമ്പ് വിതരണം	160
7.9.4	അന്നപൂർണ്ണ യോജന	160

7.9.5	അന്ത്യോദയ അന്നയോജന	160
7.9.6	ബി.പി.എൽ കുടുംബങ്ങൾക്ക് അരി വിതരണം	160
7.9.7	എ.പി.എൽ കുടുംബങ്ങൾക്കുള്ള അരി വിതരണം	161
7.10	**വിദ്യാഭ്യാസം**	
7.10.1	ഉച്ചഭക്ഷണ പദ്ധതി	161
7.11	**തദ്ദേശഭരണസ്ഥാപനങ്ങൾ**	
7.11.1	പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ	162
7.11.2	എച്ച്. ഐ.വി ബാധിതർ/ എയ്ഡ്സ് രോഗികൾ എന്നിവർക്കുള്ള പരിപാടികൾ	162
7.11.3	ഔഷധങ്ങൾ വാങ്ങൽ	163
7.11.4	ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായം	164
7.11.5	കാൻസർ പരിശോധനാ ക്യാമ്പ്	164
7.11.6	മാനസിക-ആരോഗ്യ പ്രശ്നങ്ങൾക്ക് കൗൺസലിംഗ്	165

VIII. അധ്യായം 8- വിദ്യാഭ്യാസം

8.1 പൊതുവിദ്യാഭ്യാസ വകുപ്പ്

8.1.1	എൽ.എസ്.എസ്/യു.എസ്,എസ് സ്കോ ളർഷിപ്പ്	167
8.1.2	ഗ്രാമപ്രദേശങ്ങളിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	167
8.1.3	സംസ്കൃതം സ്കോളർഷിപ്പ്	167
8.1.4	ഗിഫ്റ്റഡ് ചിൽഡ്രൻസ് സ്കീം	168
8.1.5	ഹയർസെക്കൻ ഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	168
8.1.6	നിർദ്ധനരായ വിദ്യാർത്ഥികൾക്ക് കലാപ്രതിഭ സ്കീം	168
8.1.7	വിദ്യാർത്ഥികൾ ക്ക് അപകട/ അപകടമരണ ഇൻഷുറൻസ്	168
8.1.8	മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്	169
8.1.9	സെക്കണ്ടറിതലത്തിൽ വൈകല്യമുള്ള കുട്ടികൾക്ക് ഇൻക്ലൂസീവ് എഡ്യുക്കേഷൻ	170

8.1.10 സെക്കണ്ടറി വിദ്യാഭ്യാസ ത്തിൽ പെൺകുട്ടികൾക്ക് പ്രോത്സാഹന സഹായം 170

8.1.11 സൈനിക സ്ക്കൂൾ വിദ്യാർത്ഥികൾക്ക് സ്കോ ളർഷിപ്പ് 171

8.1.12 വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ പദ്ധതി 172

8.2 കോളേജ് വിദ്യാഭ്യാസ വകുപ്പ്

8.2.1 കേരള സംസ്ഥാന സുവർണ്ണ ജൂബിലി മെറിറ്റ് സ്കോ ളർഷിപ്പ് 173

8.2.2 ജില്ലാ മെറിറ്റ് സ്കോളർഷിപ്പ് 173

8.2.3 ഹിന്ദി സ്കോളർ ഷിപ്പ് 174

8.2.4 ഉന്നതവിദ്യാഭ്യാസ സ്കോ ളർഷിപ്പ് 174

8.2.5 അന്ധ-ബധിര-വികലാംഗ സ്കോളർഷിപ്പ് 175

8.2.6 മ്യൂസിക്ക്, ഫൈൻ ആർട്ട്സ് സ്കോളർഷിപ്പ് 176

8.2.7 സ്റ്റേറ്റ് മെറിറ്റ് & സംസ്കൃത സ്കോളർഷിപ്പ് 176

8.2.8 സ്ക്കൂൾ ടീച്ചർമാരുടെ മക്കൾക്ക് സ്കോളർഷിപ്പ് 177

8.2.9 സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് 177

8.2.10 സിംഗിൾ ഗേൾ ചൈൽഡ് സ്കോളർഷിപ്പ് 177

8.3 സാങ്കേതിക വിദ്യാഭ്യാസം

8.3.1 എഞ്ചിനീയറിം ഗ് കോളേജുകളിൽ ഗവേഷണ സ്കോ ളർഷിപ്പ് 178

8.3.2 അധിക വൈദഗ്ദ്ധ്യം ആർജ്ജിക്കുന്നതിനുള്ള പദ്ധതി (ASAP) 178

8.3.3 എഞ്ചിനീയറിംഗ് കോളേജിൽ എം.ടെക്കിന് പഠിക്കുന്ന ഗേറ്റ് സ്കോർ ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 178

8.3.4 പോളിടെക്നിക്കിൽ കൂടി സാമൂഹ്യ വികസനം 179

8.4 സാമൂഹ്യനീതി വകുപ്പ്

8.4.1 സ്ത്രീകൾക്കുള്ള ഫിനിഷിങ് സ്ക്കൂൾ പദ്ധതി 179

8.4.2 വനിതകൾ ഗൃഹനാഥകളായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ പദ്ധതി 180

8.4.3 സ്നേഹപൂർവ്വം (വിദ്യാർത്ഥികൾക്കുള്ള ധനസഹായം 181

8.4.4 തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം 182

8.4.5 വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 183

8.5 മൃഗസംരക്ഷണ വകുപ്പ്

8.5.1 സ്ക്കൂൾ വിദ്യാർ ത്ഥികൾക്ക് മൃഗസംരക്ഷണത്തെ കുറിച്ച് ബോധവൽക്കരണം 184

8.5.2 ജന്തുക്ഷേമക്ലബ്ബുകൾ 184

8.6 സംസ്ഥാന സാക്ഷരതാമിഷൻ

8.6.1 അടിസ്ഥാന സാക്ഷരതാ പരിപാടി 184

8.6.2 നാലാംതരം തുല്യത പരിപാടി 185

8.6.3 എഴാം തരം തുല്യതാ പരിപാടി 185

8.6.4 10-ാം തരം തുല്യതാ പരിപാടി 186

8.6.5 മാനസിക-ശാരീരിക സവിശേഷതകളുള്ളവർക്കായുള്ള പ്രത്യേക തുല്യതാ പരിപാടി 186

8.6.6 ഹയർ സെക്കണ്ടറി തുല്യത പരിപാടി 187

8.7 മത്സ്യവകുപ്പ്

8.7.1 മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ചിലവ് 187

8.7.2 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റെസിഡൻഷ്യൽ സ് ക്കൂൾ വിദ്യാഭ്യാസ പദ്ധതി റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ 188

8.8 പ്രാദേശിക സർക്കാർ (ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾ, നഗര സഭകൾ)

8.8.1 ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് /ബത്ത 188

8.8.2 മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ 189

8.8.3 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ബഡ്സ് സ്ക്കൂൾ 189

8.8.4 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ (മേശ, കസേര തുടങ്ങിയ പഠന സഹായിക ഉപകരണങ്ങൾ) 190

8.9 കുടുംബശ്രീ മിഷൻ

8.9.1 1) ബാലസഭ പ്രവർത്തനങ്ങൾ 190

8.10 ക്ഷേനിധികൾ

8.10.1 കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേനിധിവിദ്യാഭ്യാസ സ്കോളർഷിപ്പ് 190

8.10.2 കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേനിധിവിദ്യാഭ്യാസ സ്കോളർഷിപ്പ് 190

8.10.3	തയ്യൽ തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്	191
8.10.4	മത്സ്യത്തൊഴിലാളി ക്ഷേമനിധി- എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്	191
8.10.5	മത്സ്യത്തൊഴിലാളി ക്ഷേമനിധി - ഉന്നത വിദ്യാഭ്യാസം	192

IX. അധ്യായം 9- ക്ഷേമപദ്ധതികൾ

9.1	**റവന്യൂ വകുപ്പ്**	**195-257**
9.1.1	വാർദ്ധക്യകാല പെൻഷൻ	194
9.1.2	പ്രകൃതി ദുരന്തങ്ങൾ മൂലം കഷ്ഠത അനുഭവിക്കുന്നവർക്ക് ധനസഹായം	195
9.1.3	ദേശീയ കുടുംബക്ഷേമ പദ്ധതി	196
9.1.4	വാഹനാപകടങ്ങൾക്കിരയാകുന്നവർക്കുള്ള ധനസഹായം	196
9.1.5	മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി	197
9.1.6	അവശകലാകാരന്മാർക്കുള്ള പെൻഷൻ	198
9.1.7	സർക്കസ് കലാകാരന്മാർക്കുള്ള പെൻഷൻ	198
9.2	**ക്ഷീര വകുപ്പ്/ക്ഷീരകർഷക ക്ഷേമനിധി ബോർഡ്**	
9.2.1	ക്ഷീരകർഷക പെൻഷൻ	199
9.2.2	കുടുംബപെൻഷൻ	199
9.2.3	മാരക രോഗ ചികിത്സാധനസഹായ പദ്ധതി	199
9.3	**സാമൂഹ്യ നീതി വകുപ്പ**	
9.3.1	സ്നേഹ സാന്ത്വനം	199
9.3.2	അഗതി പെൻഷൻ	200
9.3.3	വികലാംഗപെൻഷൻ	200
9.3.4	അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	201
9.3.5	വിവാഹ ധനസഹായം	201
9.3.6	മംഗല്യ പുനർവിവാഹ ധനസഹായം, വിധവാ വിവാഹ പ്രോത്സാഹന പദ്ധതി	202
9.3.7	സ്നേഹ സ്പർശം (അവിവാഹിതരായ അമ്മമാർക്കുള്ള ധനസഹായം)	203
9.3.8	സംയോജിത ശിശു സംരക്ഷണ പരിപാടി (ICDS)	203
9.3.9	സാധാർ (കേന്ദ്രം)	203
9.3.10	ഉജ്ജ്വല - സ്ത്രീസുരക്ഷാ പദ്ധതി (കേന്ദ്രം)	204
9.3.11	സബല- രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെൻർ ഓഫ് അഡോൾസന്റ് ഗേൽസ് (RGSEAG) (KSY+NPAG കൂടി ചേർത്ത്)	204
9.3.12	മദ്യം മയക്കുമരുന്ന് ഉപയോഗത്തിനുള്ള പ്രതിരോധം	205
9.3.13	വൃദ്ധസദനങ്ങളുടെ നിർമ്മാണം	205
9.3.14	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വികസനം	206

9.3.15	ചിൽഡ്രൻസ് ഹോം	206
9.3.16	മഹിളാമന്ദിരം	206
9.3.17	ആശാഭവൻ	207
9.3.18	ആഫ്റ്റർ കെയർ ഹോം	207
9.3.19	വികലാംഗരായ വൃദ്ധർക്കുള്ള ഹോം	207
9.3.20	വൃദ്ധസദനം	208
9.3.21	പ്രതീക്ഷാഭവൻ	208
9.3.22	പ്രത്യാശാഭവൻ	208
9.3.23	വികലാംഗ സദനം	208
9.3.24	ബാലവികലാംഗസദനം	208
9.3.25	നിർഭയ	209
9.3.26	നിർഭയ - അഭയ കേന്ദ്രങ്ങൾ	209
9.3.27	ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന കണ്ടീഷണൽ മെറ്റേണിറ്റി ബെനിഫിറ്റ് സ്കീം	209
9.3.28	വ്യത്യസ്ത വൈകല്യമുള്ളവർക്ക് വൈകല്യ നിർണ്ണയ തിരിച്ചറിയൽ കാർഡ്, സർട്ടിഫിക്കേറ്റ്	209
9.3.29	സമാശ്വാസം 1	210
9.3.30	സമാശ്വാസം 2	210
9.3.31	സമാശ്വാസം 3	210
9.3.32	വികലാംഗർ, അന്ധർ, ബധിരർ എന്നിവർക്ക് സ്വകാര്യ ബസ്സുകളിൽ യാത്രാപാസ്	211
9.3.33	വികലാംഗർ, അന്ധർ, ബധിരർ എന്നിവർക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ യാത്രാപാസ്	212
9.3.34	മാനസിക വൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി ബസ്സു കളിൽ യാത്രാപാസ്	212
9.3.35	വികലാംഗർക്ക് സഹായ ഉപകരണം	212
9.3.36	അട്ടപ്പാടി പാക്കേജ്	212
9.3.37	ദാരിദ്രരേഖയ്ക്ക് താഴെയുള്ള വികലാംഗരായ പെൺകുട്ടിയുടെ വിവാഹത്തിന് ധനസഹായം	213
9.4	**തൊഴിൽ വകുപ്പ്**	
9.4.1	മരം കയറ്റം, മരം മുറിത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ-	213
9.4.1.1	അവശത	214
9.4.1.2	അവശതാ പെൻഷൻ	214
9.4.2	കേരള കർഷകതൊഴിലാളി അവശതാ പെൻഷൻ	215
9.4.3	കേരള തയ്യൽ തൊഴിലാളി ക്ഷേമപദ്ധതി**കൾ-**	215
9.4.3.1	പെൻഷൻ	216
9.4.3.2	അവശതാ പെൻഷൻ	216
9.4.3.3	വിവാഹ ധനസഹായം	217
9.4.3.4	പ്രസവ ധനസഹായം	217
9.4.3.5	ചികിത്സാ ധനസഹായം	218

9.4.3.6	അംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾക്കും ശവസംസ്ക്കാരത്തിനുമായി ആശ്രിതർ ക്കുള്ള ധനസഹായം	218
9.4.4	**ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്**	
9.4.4.1	പെൻഷൻ	219
9.4.4.2	കുടുംബ പെൻഷൻ	219
9.4.4.3	പ്രസവാനുകൂല്യം	219
9.4.4.4	ഗർഭം അലസിപ്പോയാൽ	219
9.4.4.5	വിവാഹാനുകൂല്യം	220
9.4.5	രാഷ്ട്രീയ സ്വസ്ഥി ഭീമാ യോജന (RSBY) സമഗ്ര ആരോഗ്യ ഇൻഷുറൻസ്	221
9.4.6	ആം ആദ്മി ഭീമാ യോജന	221
9.4.7	തൊഴിൽരഹിതവേതനം	222
9.4.8	കേരള കൈത്തൊഴിലാളി വിദഗ്ദ്ധത്തൊഴിലാളി ക്ഷേമ പെൻഷൻ	222
9.5	**മത്സ്യ വകുപ്പ്**	
9.5.1	മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്-ചികിത്സാ സഹായം	223
9.5.2	മരണാനന്തര സഹായം	223
9.5.3	ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി	224
9.5.4	വിവാഹ ധനസഹായ പദ്ധതി	227
9.5.5	മരണാനന്തര ചെലവുകൾ	228
9.5.6	ആശ്രിതരുടെ മരണ ചെലവിനായി മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം	228
9.5.7	വാർദ്ധക്യകാല പെൻഷൻ	229
9.5.8	കുടുംബ സംവിധാന പദ്ധതി	230
9.5.9	പ്രസവ ശുശ്രൂഷക്കുള്ള ധനസഹായം	230
9.5.10	മരിച്ച മത്സ്യത്തൊഴിലാളിയുടെ ഭാര്യക്ക് പെൻഷൻ നൽകുന്ന പദ്ധതി	231
9.5.11	മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണം	232
9.6	**ഗ്രാമവികസന വകുപ്പ്**	
9.6.1	ഭവന നിർമ്മാണം ഇന്ദിരാ ആവാസ് യോജന (IAY)	233
9.6.2	സ്വച്ച് ഭാരത് മിഷൻ (SBM)	233
9.7	**കൃഷി വകുപ്പ്**	
9.7.1	സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി (25 കാർഷിക വിളകളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)	234
9.7.2	കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ്	235
9.7.3	ദേശീയ കാർഷിക വിള ഇൻഷുറൻസ് പദ്ധതി	235
9.7.4	നാളികേര വിള ഇൻഷുറൻസ്	236
9.7.5	പച്ചക്കറി വിള ഇൻഷുറൻസ് പദ്ധതി	236
9.7.6	നെൽകൃഷി വികസന ഏജൻസിക്കുള്ള ധനസഹായം	236
9.7.7	ഉൽപ്പാദന ക്ഷമതാ ലക്ഷ്യത്തിനുള്ള പ്രോത്സാഹനം	237
9.8	**സിവിൽ സപ്ലൈസ് വകുപ്പ്**	

9.8.1	സറണ്ടർ സർട്ടിഫിക്കറ്റ്	237
9.8.2	റിഡക്ഷൻ സർട്ടിഫിക്കറ്റ് (യൂണിറ്റ് കുറച്ചു കിട്ടുന്നതിന്)	237
9.8.3	നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ് (പേര് ഉൾപ്പെടുത്തി കിട്ടുന്നതിന്)	238
9.8.4	കാർഡിൽ നിന്നും പേര് നീക്കം ചെയ്തു കിട്ടാൻ	238
9.8.5	വരുമാനം തിരുത്തൽ	238
9.8.6	കാർഡിലെ വയസ്സ് തിരുത്തൽ	238
9.8.7	പുതിയ അംഗത്തെ കാർഡിൽ ഉൾപ്പെടുത്തുവാൻ	238
9.8.8	പുതിയ റേഷൻ കാർഡിന്	238
9.8.9	താൽക്കാലിക കാർഡിന്	238
9.8.10	കാർഡിലെ പേര് തിരുത്തൽ	239
9.8.11	വൈദ്യുതികരണം സംബന്ധിച്ച തിരുത്തലുകൾ	239
9.8.12	മേൽവിലാസം, വീട്ടുനമ്പർ, വാർഡ് നമ്പർ എന്നിവ തിരുത്തുവാൻ	239
9.8.13	ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡിന്	239
9.8.14	വീട്ടുനമ്പർ ഇല്ലാത്ത പുറമ്പോക്ക് നിവാസി കൾക്ക് റേഷൻ കാർഡ് ലഭിക്കുവാൻ	239
9.9	**പോലീസ്**	
9.9.1	മൈക്ക് പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി	239
9.9.2	പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട പരാതികൾ	240
9.9.3	പരാതി ലഭിച്ചതിനു രസീതു നൽകൽ	240
9.9.4	പ്രഥമവിവരത്തിന്റെ പകർപ്പ് (എഫ്.ഐ.ആർ)	240
9.9.5	പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ്	240
9.10	**കേരള വനം വകുപ്പ്**	
9.10.1	ഊരിനുണർവ്വ് കാടിനുണർവ്വ്	241
9.10.2	വനത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള അപകട ഇൻഷൂറൻസ്	242
9.10.3	വന്യജീവികളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം	243
9.11	**അനർട്ട്**	
9.11.1	വീടുകൾക്ക് പരിഷ ത്ത് അടുപ്പുകൾ സ്ഥാപിക്കൽ	243
9.11.2	പരിശീലന പരിപാ ടി (അടുപ്പ്/ബയോ ഗ്യാസ്പ്ലാന്റ്/സോ ളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കൽ,റിപ്പയർ	244
9.11.3	സൗര വാട്ടർ ഹീറ്റർ സ്ഥാപിക്കൽ,	244
9.12	**പ്രാദേശികസർക്കാരുകൾ**	
9.12.1	ഭവന നിർമ്മാണം	244
9.12.2	ഉൾനാടൻ മേഖല അലങ്കാര മത്സ്യം വളർത്തലും, വിപണനവു, അക്വേറിയം രൂപ കൽപനയും	244

9.12.3	മത്സ്യം വളർത്തുന്നതിനുള്ള ഉൽപാദന ഉപാധികൾ	245
9.12.4	സംയോജിത മത്സ്യകൃഷി	246
9.12.5	ഗിൽ നെറ്റും ഡിങ്കിയും	246
9.12.6	മത്സ്യബന്ധനത്തിനുള്ള വല/ ഗിൽനെറ്റ്	247
9.12.7	കൂട് കൃഷി (Cage culture)	247
9.12.8	മത്സ്യകൃഷിക്ക് ആവശ്യമായ സംരക്ഷണ വല	247
9.12.9	മത്സ്യ വിപണന വാഹനം – മത്സ്യസഹകരണ സംഘങ്ങൾക്കുള്ള സഹായങ്ങൾ	248
9.12.10	ലേല ഹാൾ	249
9.12.11	വിശ്രമകേന്ദ്രങ്ങൾ	250
9.12.12	മത്സ്യം സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനങ്ങൾ	250
9.12.13	ഓട്ടോമാറ്റിക് മത്സ്യ സംസ്കരണ യന്ത്രം	250
9.12.14	മത്സ്യ സംസ്ക്കരണ പ്ലാന്റുകൾ	250
9.12.15	അലങ്കാര മത്സ്യം വളർത്തൽ	251
9.13	**വൈദ്യുതി ബോർഡ്**	
9.13.1	രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന (RGGVY)	251
9.14	**കുടുംബശ്രീ**	
9.14.1	ലിങ്കേജ് വായ്പ	252
9.14.2	എൻ.ആർ.എൽ.എം കോർപ്പസ് ഫണ്ട്	252
9.14.3	ഇൻട്രസ്റ്റ് സബ്സീഡി	253
9.14.4	എൻ.ആർ.എൽ.എം റിവോൾവിങ്ങ് ഫണ്ട്	253
9.14.5	എൻ.ആർ.എൽ.എം വൾണറബിൾ റിഡക്ഷൻ ഫണ്ട്	254
9.14.6	ക്രെഡിറ്റ് ലിങ്ക്ഡ് ഇൻഷൂറൻസ് പദ്ധതി	254
9.14.7	സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയാനുള്ള പരിപാടികൾ	254
9.14.8	കമ്പ്യൂട്ടർ പരിശീലനം	254
9.15	**മണ്ണ് ജല സംരക്ഷണം വകുപ്പ്**	
9.15.1	മണ്ണ് ജല സംരക്ഷണ പദ്ധതി (ഞകഉഎ)	255
9.15.2	ഉരുൾപ്പൊട്ടൽ ബാധ്യത/സാദ്ധ്യത പ്രദേശങ്ങളുടെ സംരക്ഷണം	255
9.15.3	ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് സംരക്ഷണം	255
9.15.4	മണ്ണ് പരിശോധന	26
9.16	**ആരോഗ്യം**	
9.16.1	ജനനീ സുരക്ഷാ യോജന	256
9.16.2	പകൽവീട് (സ്ത്രീകൾക്കും പുരുഷൻമാർക്കും)	256

9.17 ഭൂജല വകുപ്പ്

9.17.1 രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി 257

9.17.2 ഭൂജല സംരക്ഷണവും കൃത്രമ ഭൂജല പോഷമവും 257

അനുബന്ധം I **പേജ് നം-** 259- 401

അനുബന്ധം II **പേജ് നം-** 402

അധ്യായം 1

ആമുഖം

ഭാരതത്തിലെ ജനസംഖ്യയുടെ 8.15% വരുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം ഭരണഘടന ലക്ഷ്യമിടുന്നു. 2011 സെൻസസ് പ്രകാരം 104281034 പട്ടികവർഗ്ഗകാർ ഉണ്ട്(പുരുഷൻ 52409823, സ്ത്രി 51871211) പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് എല്ലാ മേഖലയിലും പ്രത്യേകം ഫണ്ടും റിസർവേഷനും നിലവിലുണ്ട്. എന്നാൽ സ്വാതന്ത്ര്യം ലഭിച്ച് 70 വർഷമായിട്ടും ഈ വിഭാഗങ്ങളെ ഒരേ രീതിയിൽ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. ഇതിൽ വികസനം കടന്നു ചെല്ലാത്ത വിഭാഗം പട്ടികവർഗ്ഗ വിഭാഗം തന്നെയാണ്. വനവാസികളായ ഇവരുടെ ഒറ്റപ്പെട്ട ജീവിതവും പുറംലോകവുമായിട്ടുള്ള സമ്പർക്കമില്ലായ്മ, തനത് ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും ചൂഷണങ്ങൾക്കും ബലഹീനതകൾക്കും എളുപ്പത്തിൽ വിധേയമാവുന്ന സ്വഭാവ വൈശിഷ്ട്യങ്ങളും ഇതിന് കാരണമാകുന്നുണ്ട്. വിവിധ സർക്കാരുകൾ ഇവർക്കുവേണ്ടി പ്രത്യേകം ഫണ്ട് നീക്കി വെക്കുന്നുണ്ടെങ്കിലും ലക്ഷ്യം നിറവേറ്റുന്നതിൽ പൂർണ്ണായി വിജയിക്കുന്നില്ല. പ്രാദേശിക സർക്കാരുകളുടെ ആവിർഭാവവും ആദിവാസികളുമായി ഇടപഴകുന്നതിനുള്ള അവയുടെ സാധ്യതകളും വിനിയോഗിക്കപ്പെട്ടിട്ടില്ല. വനസമ്പത്തും ജൈവവൈവിദ്ധ്യവും സംരക്ഷണത്തിൽ പ്രമുഖസ്ഥാനം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആദിവാസികൾക്ക് തന്നെയാണെന്നു തിരിച്ചറിവിൽ നിന്നുടലെടുത്തതാണ് ആദിവാസിക്ഷേമം. ആയതിനാൽ തന്നെ അവരുടെ പൈതൃകവും പാരമ്പര്യത്തിൽ അധിഷ്ഠിതവുമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും അറിവുകളും നിലനിർത്തി കൊണ്ടുതന്നെ അവരുമായി ബന്ധപ്പെട്ട വികസനം സാധ്യമാക്കേണ്ടതുണ്ട്. അതേസമയം തന്നെ അവരെ ആരോഗ്യപരമായി നിലനിർത്തുന്നതിനും അവരുടെയിടയിലുള്ള സാമൂഹ്യ തിന്മകൾ അവരുമായി ചേർന്ന് ഇല്ലാതാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ ആദിവാസികളുടെ വിദ്യാഭ്യാസം പ്രഥമ പരിഗണന അർഹിക്കുന്നു. വളരെയധികം ധനം വിവിധ സർക്കാരുകൾ ഇവരുടെ വികസനത്തിനുവേണ്ടി ചെലവാക്കി വരുന്നുണ്ടെങ്കിലും അവരെ ആരോഗ്യ വിദ്യാഭ്യാസ കാര്യങ്ങളിൽ മുഖ്യധാരക്കൊപ്പം എത്തിക്കുന്നതിന് ഇനിയും സാധിച്ചിട്ടില്ല. ശിശുമരണങ്ങളും രോഗങ്ങളും ആയൂർദൈർഘ്യക്കുറവും വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും അടിസ്ഥാനാവശ്യങ്ങളുടെ കുറവും തൊഴിൽ വരുമാനകുറവും എല്ലാംതന്നെ പ്രസ്തുത വിഭാഗങ്ങളുടെ ദാരിദ്ര്യാവസ്ഥക്ക് കാരണമാണ്. ഇതിനായി കുടുംബ കേന്ദ്രീകൃതാസൂത്രണവും ബോധവൽക്കരണവും സൗഹാർദ്ദപരമായ സമീപനവും അനിവാര്യമാണ്. കൂടാതെ ആത്മാർത്ഥ സേവന മനസ്ഥിതിയും ആവശ്യമാണ്.

പട്ടികവർഗ്ഗ വിഭാഗങ്ങൾ-കേരളത്തിലെ സ്ഥിതി

2011 സെൻസസ് അനുസരിച്ച് കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 484839 ആണ് (പുരുഷൻ 238203, സ്ത്രീകൾ 246636) ഇത് കേരള ജനസംഖ്യയുടെ 1.45% വരും. സാക്ഷരത 74.5% (പുരു. 77, സ്ത്രി.72). ഇത് പൊതു സാക്ഷരത നിരക്കിനേക്കാൾ 20% കുറവ്. ഇവർ ആകെ 37 വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. ഇവരെല്ലാം 4644 ഊരുകളിലായി വിന്യസിക്കപ്പെട്ടിരിക്കുന്നു. 2008 ൽ കേരളത്തിൽ നടത്തിയ പട്ടിക

വർഗ്ഗ സമഗ്ര സർവ്വേയനുസരിച്ച് 1518 സങ്കേതങ്ങളാണ് (31.88%)വനത്തിനകത്തുള്ളത്. ഇതിൽ 540 സങ്കേതങ്ങൾ (35.57%) റിസർവ് വനത്തിനകത്തും 978 സങ്കേതങ്ങൾ റിസർവ് വനത്തിനോട് ചേർന്നുമാണ് സ്ഥിതി ചെയ്യുന്നത്. വനത്തിനുള്ളിൽ 43,466 കുടുംബങ്ങളാണ് (40.25%) അധിവസിക്കുന്നത്. 2016 ലെ സ്ഥിതി വിശേഷം കണക്കിലെടുത്ത് പുതിയതായി വിവരശേഖരണം നടത്തി മേൽപറഞ്ഞ കണക്കുകൾ ക്രമീകരിക്കാവുന്നതാണ്. ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം ജീവിതരീതികളും ഭാഷകളും സംസ്ക്കാരവുമുണ്ട്. മൊത്തം 1,07,965 കുടുംബങ്ങൾ ഉള്ളതിൽ 76623 കുടുംബങ്ങൾക്ക് മാത്രമാണ് റേഷൻ കാർഡുകൾ നിലവിലുള്ളത്. 24289 കുടുംബങ്ങൾക്ക് ആയത് ലഭ്യമല്ല. വയനാട് ജില്ലയിലാണ് പട്ടികവർഗ്ഗങ്ങൾ ഏറ്റവും അധികം കാണപ്പെടുന്നത്. (1,53,181) ഏറ്റവും കുറവ് ആലപ്പുഴ ജില്ലയിലും (3014). ശരാശരി കുടുംബ വലിപ്പം 3.95 ആണ്. പ്രാഥമിക വിദ്യാഭ്യാസം 46.02 ശതമാനത്തിനും സെക്കണ്ടറി വിദ്യാഭ്യാസം 38.56 ശതമാനത്തിനും ഹൈസ്ക്കൂൾ വിദ്യാഭ്യാസം 4.42 ശതമാനത്തിനും മാത്രം ലഭ്യം. ബിരുദം 2.05 ശതമാനത്തിനുമാത്രം. ഇടയ്ക്കു വച്ച് പഠനം നിറുത്തുന്നവർ 2.7% ഉന്നതവിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും 99.15 ശതമാനത്തിനും ലഭ്യമല്ല. 54.13 ശതമാനവും താമസിക്കുന്നത് ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ ആണ്. 56.59 ശതമാനത്തിനും വൈദ്യുതി ലഭ്യമല്ല. 47.75 ശതമാനത്തിനും സാനിറ്ററി കക്കൂസ് ലഭ്യമല്ല. പ്രായപൂർത്തി ആകാത്തവർ തമ്മിലുള്ള വിവാഹങ്ങൾ സാധാരണമാണ്. ചുരുക്കി പറഞ്ഞാൽ വികസനം ഇന്നും പട്ടികവർഗ്ഗക്കാർക്ക് അന്യമാണ്. അവരുടെ ആരോഗ്യവും വിദ്യാഭ്യാസവും അടിസ്ഥാന സൗകര്യവികസനവും തൊഴിലും ഉറപ്പു വരുത്തികൊണ്ടു മാത്രമെ അവരെ മുഖ്യധാരക്കൊപ്പം ഉയർത്തിക്കൊണ്ടു വരുന്നതിന് കഴിയുകയുള്ളു. അതേസമയം അവരുടെ അറിവുകളും സംസ്ക്കാരവും പൈതൃകവും നാട്ടറിവുകളും തനത് കലകളും കൃഷിരീതികളും ജീവിതശൈലിയും സംരക്ഷിക്കേണ്ടതുണ്ട്. അതേസമയം അവരെ അന്ധവിശ്വാസങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും മോചിപ്പിക്കേണ്ടതുണ്ട്. അതിനാൽ തന്നെ അവരിലേക്ക് ഇറങ്ങി ചെല്ലുന്നതിനുള്ള പ്രവർത്തനവും ആയതിനുവേണ്ട ആളുകളേയും സംഘടിപ്പിക്കേണ്ടതുണ്ട്. വിവിധ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടേയും കൂട്ടായ പ്രയത്നത്തിലൂടെയും നല്ല മനസ്ഥിതിയും ആത്മാർത്ഥതയും നീതിബോധവും വിശ്വസ്തതയും ഉള്ളവരെ കണ്ടെത്തികൊണ്ടു മാത്രമെ ഇതു സാധ്യമാവു എന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു.

പട്ടികവർഗ്ഗ വികസനത്തിൽ ഊരുമിത്രകളുടെ പങ്ക്

മനുഷ്യശേഷി വികസനം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുകൂടി എന്ന രീതിയിലുള്ള ഇടപെടലുകൾ നടത്തുന്നതിന് ഫോറസ്റ്റ് ഓഫീസർമാർക്കുള്ള പങ്ക് പ്രധാനമാണ്. എന്തെന്നാൽ കാടിനെ സംരക്ഷിക്കുന്നതിനുള്ള ഏറ്റവും ഉത്തമമാർഗ്ഗം വനവാസികളായ പട്ടികവർഗ്ഗ വിഭാഗങ്ങളെ നിലനിർത്തുക എന്നതു തന്നെയാണ്. അതിനാൽ തന്നെ ഓരോ പട്ടികവർഗ്ഗക്കാരന്റെയും അവകാശങ്ങൾ നിലനിർത്തുന്നതിനും അവ ഓരോ കുടുംബത്തിനും ഉറപ്പു വരുത്തുന്നതിനും സഹായങ്ങൾ അവരിൽ എത്തുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും വനം വകുപ്പിന് ചുമതലയുണ്ട്. ഇതിനായി ഒരു പട്ടികവർഗ്ഗ സെറ്റിൽമെന്റിന് ഒരാൾ എന്ന കണക്കിൽ ഒരു വനം വകുപ്പ് ഉദ്യോഗസ്ഥനെ ഫെസിലിറ്റേറ്റർ എന്ന നിലയിൽ തെരഞ്ഞെടുത്ത് അവർക്കു ഊരുമിത്ര എന്ന് നാമകരണം ചെയ്തിട്ടുണ്ട്. 100 പേർ അടങ്ങുന്ന ഒന്നോ രണ്ടോ

സെറ്റിൽമെന്റിന് ഒരാൾ എന്ന നിലയിൽ ഇവരെ നിയമിച്ചിട്ടുണ്ട്. ഈ ഊരുമിത്രകൾ മുൻ നിശ്ചയിച്ച ഒരു ദിവസം ആഴ്ചയിൽ ഒന്ന് എന്ന കണക്കിന് പ്രസ്തുത ഊരുകൂട്ടങ്ങൾ സന്ദർശിച്ച് വേണ്ട അറിവും സഹായങ്ങളും പ്രശ്നപരിഹാരങ്ങളും നിർദ്ദേശിക്കുന്നു. ഇവർ പട്ടികവർഗ്ഗ കോളനിയിലെ ഓരോ കുടുംബത്തേയും ആഴ്ചതോറും നേരിൽ കാണുന്നു. അവരുടെ അവകാശങ്ങൾ അവരിൽ യഥാസമയം എത്തുന്നുണ്ടോ എന്നും അവരുടെ അടിസ്ഥാന സൗകര്യവികസനവും തൊഴിലും പ്രവർത്തനങ്ങളും ചർച്ച ചെയ്യുകയും അവ ലഭ്യമാക്കുന്നതിനുവേണ്ട പ്രവർത്തനം നടത്തുകയും ചെയ്യുന്നു.

അവർക്കുവേണ്ട ബി.പി.എൽ കാർഡ്, ജോബ്കാർഡ്, ആധാർകാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് എന്നിവ ലഭ്യമാക്കുന്നതിന് സഹായിക്കുന്നതിനു പുറമെ അവർക്കുവേണ്ട, വീട്, കക്കൂസ്, കുടിവെള്ളം, റേഷൻ, ഇലക്ട്രിസിറ്റി, ആരോഗ്യ പരിരക്ഷ, പോഷകാഹാരം, എല്ലാവരും സ്കൂളിൽ ചേർന്നു എന്ന് ഉറപ്പുവരുത്തൽ, കൊഴിഞ്ഞ് പോയവർക്കു വിദ്യാഭ്യാസം നൽകൽ, സാക്ഷരത നൽകൽ, മദ്യം മയക്കുമരുന്ന് എന്നിവക്കെതിരെ അവബോധം വളർത്തൽ, കൗൺസലിംഗ്, ഡി-അഡിക്ഷൻ സെന്ററുകളിൽ പ്രവേശിപ്പിച്ച് മദ്യാസക്തിയിൽ നിന്നും അവരെ വിമുക്തരാക്കൽ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവരിൽ എത്തിക്കൽ, ഇൻഷുറൻസിൽ ചേർക്കൽ, വിവരം നൽകൽ, തൊഴിലിനുവേണ്ടിയുള്ള പരിശീലനം, കോച്ചിംഗ് നൽകൽ, സർക്കാർ പ്രാദേശിക സർക്കാർ സ്കീമുകളെക്കുറിച്ചും അവരിൽ അവബോധവും അറിവും ഉണ്ടാക്കൽ, അവ ലഭ്യമാക്കുന്നതിനുള്ള അറിവും സഹായവും നൽകൽ മുതലായവയെക്കുറിച്ചും വേണ്ട അറിവും അവബോധവും നൽകുന്നു.

വിവിധ സർക്കാർ സ്കീമുകളും ക്ഷേമ പ്രവർത്തനങ്ങളും വ്യക്തിപര സഹായങ്ങളും എന്തെല്ലാമെന്നും ഓരോ വീടു സന്ദർശിച്ച് അവരെ ബോധ്യപ്പെടുത്തുകയും അവ ലഭ്യമാക്കുന്നതിന് വഴികാട്ടിയായി അവരിൽ ഒരാളായി പ്രവർത്തിക്കുന്നതിന് ഈ ഊരുമിത്രകൾ പ്രതിജ്ഞാബദ്ധരാണ്. ആയതിനാൽ തന്നെ ഊരുമിത്രകൾ എല്ലാ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്കീമുകളെക്കുറിച്ചും അവർ നൽകുന്ന അവകാശങ്ങളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും അറിവുള്ളവർ ആയിരിക്കേണ്ടതും അവ പട്ടികവർഗ്ഗ കുടുംബങ്ങളിൽ ചെന്ന് പകർന്നുകൊടുക്കുകയും അവ ലഭ്യമാക്കുന്നതിന് അവരെ സജ്ജരാക്കുന്നതിനും പ്രാപ്തിയുള്ളവരാക്കി തീർക്കേണ്ടതുണ്ട്. അവരെ അവർ ഏറ്റെടുത്തിട്ടുള്ള ഉദ്യമത്തിന് സജ്ജരാക്കുന്നതിന് അവർക്കാവശ്യമായ പരിശീലനം നൽകാൻ വനം വകുപ്പ് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണ് വിവിധ സ്കീമുകൾ അടങ്ങുന്ന ഈ കൈ പുസ്തകം വിവിധ വകുപ്പുകളുമായി ചേർന്ന് കിലയുടെ സഹായത്തോടെ തയ്യാറാക്കിയിരിക്കുന്നത്.

കൈപുസ്തകം എന്തിന്?

ഊരുമിത്രകളുടെ സഹായിയായിട്ടാണ് വിവിധ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടേയും വിവിധ സ്കീമുകൾ ഉൾപ്പെടുത്തി കൊണ്ടുള്ള ഈ കൈപുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ഊരുമിത്രകളെ ഉദ്ദേശിച്ച് തയ്യാറാക്കിയ ഈ കൈപുസ്തകം ആയതിനാൽ തന്നെ പരമാവധി അവർക്ക് ഗ്രഹിക്കാൻ കഴിയുന്ന വിധത്തിൽ വിവരണം കുറച്ചും ടാബുലാർ ഫോമിൽ ലളിതവും ഹ്രസ്വവുമായിട്ടാണ് പ്രതിപാദിച്ചിട്ടുള്ളത്.

ഘടന

ഈ കൈപുസ്തകം രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഭാഗം ഒന്ന് - പട്ടികവർഗ്ഗക്കാർക്കായി മാത്രം ലഭ്യമായ വിവിധ സ്കീമുകൾ - ഇവ വിവിധ വകുപ്പുകളും (പട്ടികവർഗ്ഗ വകുപ്പ് ഉൾപ്പെടെ) പ്രാദേശിക സർക്കാരുകളും പട്ടികവർഗ്ഗക്കാർക്കായി മാത്രം ഏർപ്പെടുത്തിയിട്ടുള്ള സ്കീമുകൾ മാത്രം ഉൾക്കൊള്ളുന്നതാണ്. ഈ വിഭാഗത്തിൽ 90 ഓളം സ്കീമുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭാഗം II ജനറൽ വിഭാഗത്തിന് കൂടി ബാധകമായ പൊതു സ്കീമുകളാണ്. ഇതിൽ 360 ഓളം സ്കീമുകളുണ്ട്. അവ പട്ടികവർഗ്ഗക്കാർക്കു കൂടി ബാധകമായതുകൊണ്ടാണ് അവ ഭാഗം രണ്ടായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഊരുമിത്രകൾ ആയതിനാൽ തന്നെ ഈ കൈപുസ്തകത്തിലെ രണ്ട് ഭാഗത്തും നൽകിയിട്ടുള്ള സ്കീമുകൾ ഓരോന്നും വായിച്ചു ഹൃദിസ്ഥമാക്കേണ്ടതാണ്. പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട വ്യക്തിഗത സ്കീമുകൾ/സേവനങ്ങൾ മാത്രമാണ് ഈ കൈപുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, സാമൂഹ്യക്ഷേമം, ഗ്രാമവികസനം, കുടുംബശ്രീ, ഊർജ്ജം, വനം, പട്ടികവർഗ്ഗവികസനം, ആരോഗ്യം, വിദ്യാഭ്യാസം, സാക്ഷരത, തൊഴിൽ എന്നീ മേഖലകളിൽപെട്ട വിവിധ വിഷയങ്ങളും പ്രാദേശിക സർക്കാരുകൾ വഴിയുള്ള സ്കീമുകളുമായി ബന്ധപ്പെട്ടവർക്കാണ്, ഇതിൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്. ഓരോ ഭാഗത്തും നൽകിയിട്ടുള്ള സ്കീമുകളെ നാലു വിഷയവുമായി ബന്ധപ്പെട്ട് അധ്യായങ്ങളായി വേർതിരിച്ചിരിക്കുന്നു. അതായത് (1) തൊഴിലും സ്വയംതൊഴിലുമായി ബന്ധപ്പെട്ടവ (2) ആരോഗ്യവുമായി ബന്ധപ്പെട്ടവ (3) വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടവ (4) ക്ഷേമവുമായി ബന്ധപ്പെട്ടവ

ഓരോ സ്കീമുകളുടേയും ഏറ്റവും കുറഞ്ഞ വിവരണത്തിനായി യഥാക്രമം '7' കോളങ്ങൾ നൽകിയിട്ടുണ്ട്. ആയതിൽ ഒന്നാമത്തെ കോളം സ്കീമും ഫണ്ടും ഏതു വകുപ്പിന്റെ/സ്ഥാപനത്തിന്റെയാണോ അതിന്റെ പേര്. രണ്ടാമത്തെ കോളം സ്കീം നമ്പറും മൂന്നാമത്തെ കോളം സ്കീമിന്റെ പേരും നാലാമത്തെ കോളത്തിൽ സ്കീമിന്റെ ഗുണഭോക്താക്കളും അർഹതയും, ആറാമത്തെ കോളത്തിൽ സേവനം/സഹായത്തിന്റെ തരവും അഞ്ചാം കോളത്തിൽ അപേക്ഷകൻ ഹാജരാക്കേണ്ട രേഖകളും ഏഴാം കോളത്തിൽ സഹായം/സേവനം നൽകുന്ന ഉദ്യോഗസ്ഥന്റെ പേരും, എടുക്കുന്ന സമയവും (സമയം പറഞ്ഞിട്ടുണ്ടെങ്കിൽ) എങ്ങനെ ആർക്ക് നൽകുന്നു (പണമായോ, ഡിഡി/ചെക്ക്, അക്കൗണ്ട് വഴി മുതലായവ) എന്നും കാണിച്ചിട്ടുണ്ട്. അറിയേണ്ട കാര്യങ്ങൾ ഏറ്റവും ഹ്രസ്വമായി പ്രതിപാദിക്കുക വഴി വിരസത ഒഴിവാകുന്നു. കൂടാതെ ഊരുമിത്രകൾക്കും, ഗുണഭോക്താക്കൾക്ക് എളുപ്പം കാര്യങ്ങൾ മനസ്സിലാക്കുന്നതിനും ഓർമ്മവെക്കുന്നതിനും റഫർ ചെയ്യുന്നതിനും കഴിയുന്നു. ഇവിടെ വകുപ്പ്/സ്ഥാപനം/പ്രാദേശിക സർക്കാർ എന്ന രീതിയിൽ സ്കീമുകൾ എടുത്തു വിവരിച്ചിട്ടില്ല. ആയതിന് പകരം അവയുടെ പേരുകൾ ഒന്നാം കോളത്തിൽ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

മറ്റ് വകുപ്പുകൾ പട്ടികവർഗ്ഗക്കാർക്ക് മാത്രമായി ചെയ്യുന്ന സ്കീമുകളും ഭാഗം I ൽ കൊണ്ടുവന്നിട്ടുണ്ട്. (പട്ടികവർഗ്ഗ വകുപ്പ് സ്കീമുകൾക്കൊപ്പം) ആയതിനാൽ പട്ടികവർഗ്ഗക്കാർക്കായുള്ള വിവിധ വകുപ്പുകളും സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകളും ചെയ്യുന്ന സ്കീമുകൾ എല്ലാം തന്നെ ഭാഗം I ൽ ലഭ്യമാകുന്നു. അതുപോലെ ജനറൽ സ്കീമുകൾ എല്ലാം തന്നെ ഭാഗം രണ്ടിലും. ഈ സ്കീമുകളും സഹായങ്ങളും മാനദണ്ഡങ്ങളും എല്ലാംതന്നെ ഈ തീയതിയിൽ നിലനിൽക്കുന്നതാണ്. ആയതിന്

ശേഷം ഇതിനെല്ലാം മാറ്റങ്ങൾ വരാവുന്നതാണ്. ആയതിനാൽ തന്നെ ഫെസിലിറ്റേറ്റർമാർ ആയ ഊരുമിത്രകൾ കാലാകാലങ്ങളിൽ ബന്ധപ്പെട്ട വകുപ്പുമായി ബന്ധപ്പെട്ട് മാറ്റങ്ങൾ ഉണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ആയതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും ഫോൺ നമ്പറുകളും ഈ-മെയിൽ വിലാസവും അനുബന്ധമായി നൽകിയിട്ടുണ്ട് (അനുബന്ധം 2). കൂടാതെ പ്രധാനപ്പെട്ട അപേക്ഷാഫോമുകളുടെ മാതൃകകളും (അനുബന്ധം 1). ഇവിടെ സ്കീം നമ്പറും എളുപ്പത്തിൽ റഫർ ചെയ്യുന്നതിന് നൽകിയിട്ടുണ്ട്.

ഊരുമിത്രകൾക്കുള്ള ഈ പരിശീലന പരിപാടിയുടെ ഭാഗമായി തയ്യാറാക്കിയ ഈ പുസ്തകം പട്ടിക വർഗ്ഗ വിഭാഗക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ മുതൽ കൂട്ടാകുമെന്നത് തീർച്ചയാണ്. കൂടാതെ പ്രാദേശിക സർക്കാരുകൾക്കും വകുപ്പുകൾക്കും പൊതുജനങ്ങൾക്കും റഫറൻസ് ഗ്രന്ഥമായും ഉപയോഗിക്കാൻ കഴിയും.

ഭാഗം – I

പട്ടിക വർഗ്ഗ സ്കീമുകൾ

അദ്ധ്യായം - 2

തൊഴിൽ/ സ്വയംതൊഴിൽ

പട്ടികവർഗ്ഗങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകൾ, മിഷനുകൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, പ്രാദേശിക സർക്കാരുകളും വഴി ധാരാളം പദ്ധതികൾ-തൊഴിൽ ലഭിക്കാവുന്നതും സ്വന്തമായി വരുമാനം ഉണ്ടാക്കാവുന്നതുമായ-നടപ്പിലാക്കികൊണ്ടിരിക്കുന്നു. പദ്ധതികളെ കുറിച്ചുള്ള അജ്ഞതയും, വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന പലതരത്തിലുള്ള വിശ്വാസങ്ങളും, പ്രാദേശിക സർക്കാരുകളുടെ പദ്ധതി രൂപീകരണ വേളകളിൽ അനുയോജ്യമായ പദ്ധതി നിർദ്ദേശങ്ങളുടെ അപര്യാപ്തതയും, പദ്ധതികളെ കുറിച്ചുള്ള അജ്ഞതയും, പദ്ധതികൾ നേടിയെടുക്കുന്നതിലുള്ള അറിവില്ലായ്മയും, പലപ്പോഴും പട്ടികവർഗ്ഗ മേഖലകളിൽ അർഹമായ ആനുകൂല്യം നഷ്ടമാകുന്നതിന് കാരണമാകുന്നു.

ഊരുമിത്രകൾ പട്ടികവർഗ്ഗ സമൂഹങ്ങളുമായി വളരെ അടുത്ത് ഇടപഴകി ജീവിക്കുന്നവരും, ഈ സമൂഹത്തിന്റെ മിത്രങ്ങൾ തന്നെ ആയിട്ടുള്ളവരും ആണ്. വിവിധ വകുപ്പുകൾ വഴി ലഭ്യമാകുന്നതും പ്രാദേശിക സർക്കാരിന്റെ പദ്ധതികളിൽ നിർദ്ദേശിക്കാവുന്നതുമായ പദ്ധതികൾ ഈ കൈപുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നകന്ന് കാടുകളിലും മററും ജീവിക്കുന്ന പട്ടികവർഗ്ഗ സമൂഹത്തിന്റെ തൊഴിൽ മേഖലയെ പോഷിപ്പിക്കുന്നതിനും, സ്വന്തമായി ജീവിതം കെട്ടിപടുക്കുന്നതിനനുയോജ്യമായ സാമ്പത്തിക സ്ഥിതിയിലേക്ക് ഉയർത്തുന്നതിനും സാധിക്കുന്ന വ്യത്യസ്ഥ പദ്ധതികൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടികവർഗ്ഗസമൂഹത്തിന് മാത്രം ഉള്ള തൊഴിൽ/സ്വയം തൊഴിൽ പദ്ധതികൾ ഭാഗം ഒന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സമൂഹത്തിലെ മുഖ്യധാര വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ സഹായങ്ങൾക്കും, ആനുകൂല്യങ്ങൾക്കും പട്ടികവർഗ്ഗ സമൂഹത്തിനും അർഹതയുണ്ടെന്നതുകൊണ്ട് അത്തരം പദ്ധതികൾ ഭാഗം രണ്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

അപേക്ഷാ ഫോറങ്ങൾ ആവശ്യമായ സ്കീമുകളുടെ ലഭ്യമായ മാതൃകകൾ അനുബന്ധം ഒന്നിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രത്യേകം ഫോറം ആവശ്യമില്ലാത്തവ ചേർത്തിട്ടില്ല. ഊരുമിത്രകൾക്ക് തങ്ങളുടെ മിത്രകൾ ആയ പട്ടികവർഗ്ഗ വിഭാഗങ്ങളെ സഹായിക്കുവാൻ ഈ കൈപുസ്തകം വളരെയധികം സഹായകം ആയിരിക്കും.

അധ്യായം 2
തൊഴിൽ/സ്വയം തൊഴിൽ

* അനുബന്ധം – 1 ൽ മാതൃകാ അപേക്ഷാഫോറം ബാധകമായ സ്കീം

വകുപ്പ്/ സ്ഥാപനങ്ങൾ		സ്കീം/പദ്ധതിയുടെ പേര്	ഗുണഭോക്താക്കൾ/അർഹത	നല്കുന്ന സഹായം/സേവനം	ഹാജരാക്കേണ്ട രേഖകൾ, ആർക്ക്	ആർ, എപ്പോൾ, എങ്ങനെ നല്കുന്നു
1.	2.	3.	4.	5.	6.	7.
2.1 പ്രാദേശിക സർക്കാരുകൾ	2.1.1	സ്വയം തൊഴിലിന് ആസ്തികൾ (വ്യക്തിഗതം) ഗ്രാമ പ്രദേശങ്ങളിൽ	പട്ടികവർഗ്ഗം വരുമാന പരിധി 50,000 രൂപക്ക് വിധേയമായി ബി.പി. എൽ ലിസ്റ്റിൽ ഉൾപ്പെട്ട വരോ ആയിരിക്കണം. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ. ഗുണഭോക്താക്കളെ ഗ്രാമസഭ തിരഞ്ഞെടുക്കുന്നു. വായ്പാ ബന്ധിതം അല്ലാതെയുള്ള പ്രത്യേക പ്രോജക്ടുകൾക്ക് സബ്സിഡി നൽകുന്നതും പരിഗണിക്കാം. മറ്റ് ഏജൻസികളുടെ ധനസഹായം ലഭ്യമാക്കുകയാണെങ്കിലും സബ്സിഡി നൽകാം	50% (പരമാവധി 20000 രൂപ)	അപേക്ഷ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടണം	നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡി ബാങ്ക് അക്കൗണ്ടിൽ വരവ് വെയ്ക്കുന്നു. മാർഗ്ഗരേഖ ഖണ്ഡിക 11.4 (ഢ) ലെ വ്യവസ്ഥകൾ പ്രകാരം സബ്സിഡി തുക ലഭ്യമാക്കുന്നു.
	2.1.2	പരമ്പരാഗത കൈത്തൊഴിലാളികളുടെ പ്രോത്സാഹനം	പട്ടികവർഗ്ഗം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃത ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പായി രൂപീകരിക്കണം	അംഗത്തിന് പരമാവധി 5000 രൂപാ നിരക്കിൽ ഗ്രൂപ്പിന് 25000 രൂപ	അപേക്ഷ. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്.	നിർവ്വഹണ ഉദ്യോഗസ്ഥൻ വായ്പാ ബന്ധിതം ആണെങ്കിൽ സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം

വകുപ്പ്/ സ്ഥാപനങ്ങൾ		സ്കീം/പദ്ധതിയുടെ പേര്	ഗുണഭോക്താക്കൾ/അർഹത	നല്കുന്ന സഹായം/സേവനം	ഹാജരാക്കേണ്ട രേഖകൾ, ആർക്ക്	ആർ, എപ്പോൾ, എങ്ങനെ നല്കുന്നു
1.	**2.**	**3.**	**4.**	**5.**	**6.**	**7.**
